# ദി ഡിഫൻഡർ

Vol. No. 7 Issue No. 20 RNI Reg. No. 68089 / 97 Published From Perumbavoor 2004 OCTOBER 16


# പൂവർ ചാനൽ പൂട്ടിക്കെട്ടി

അങ്ങനെ പൂവർ ചാനൽ പൂട്ടിക്കെട്ടി. ചില സാങ്കേതിക കാരണങ്ങളാൽ നവംബർ ഒന്നിന് ചാനൽ ആരംഭിക്കാൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് കമ്പനിയുടെ എം.ഡി. (മാത്യൂസ് ചാക്കോ) മാദ്ധ്യമങ്ങൾക്ക് കത്തു കൊടുത്തുകഴിഞ്ഞു. ഇതുതന്നെയാണ് മറ്റൊരു ഭാഷയിൽ ഡിഫെൻഡർ മാസങ്ങളായി പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോഴെങ്കിലും അത് സമ്മതിക്കാൻ മനസ്സുണ്ടായല്ലോ.

ഒരു ചാനൽ തുടങ്ങുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് ഡിഫെൻഡർ പലവട്ടം പറഞ്ഞതാണ്. പക്ഷേ, കേൾക്കാൻ ആളുണ്ടായില്ല. കെ.സി. ജോണിന്റെ നാവ് അഗ്നിതുപ്പുന്നതാണെന്നും ആവശ്യത്തിനുള്ള പണം പിരിക്കാൻ ആ നാവിന് കഴിയുമെന്നും മറ്റും ആയിരുന്നു വീരവാദം. പക്ഷേ, ഊതി വീർപ്പിച്ച ഒരു ബലൂൺ മാത്രമാണ് കെ.സി.ജോൺ എന്ന് അനുഭവം തെളിയിച്ചു. 25 കോടി പിരിക്കാൻ ഇറങ്ങിയിട്ട് രണ്ടുകോടി പോലും കിട്ടിയില്ലെന്നാണ് കേട്ടത്.

കെ.സി.ജോണിന്റെ കഴിവിൽ അമിതമായി വിശ്വസിച്ച് മാത്യൂസ് ചാക്കോയും പുലിവാല് പിടിച്ചു. ലോകമെമ്പാടും അറിയപ്പെടുന്ന ഒരു ചാനലിന്റെ മാനേജിംഗ് ഡയറക്ടർ ആയിരിക്കുക



കെ.സി.ജോൺ
(തട്ടിപ്പിന്റെ ചെയർമാൻ)

എന്നത് ചില്ലറക്കാര്യമല്ലല്ലോ. അതിനുള്ള ചാൻസ് കിട്ടുമെന്നു കണ്ടപ്പോൾ മറ്റൊന്നും ആലോചിക്കാതെ ഇറങ്ങിത്തിരിച്ചു. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. വെറുതെ കുറെ നാണംകെട്ടതുമാത്രം മിച്ചം.

ലോകമെമ്പാടുമുള്ള നിരവധി ദൈവമക്കൾ കെ.സി. ജോണിന്റെ തട്ടിപ്പിന് ഇരയായി. കഠിനാധ്വാനം ചെയ്ത് ഉണ്ടാക്കിയ ലക്ഷക്കണക്കിന് രൂപ അവർ ചാനലിന് സംഭാവന ചെയ്തു. ഡിഫെൻഡർ പറഞ്ഞത് വിശ്വസിച്ചിരുന്നെങ്കിൽ അവർക്ക്



മാത്യൂസ് ചാക്കോ
(നാണംകെട്ട എം.ഡി.)

ഈ നഷ്ടം ഒഴിവാക്കാമായിരുന്നു. കഷ്ടമായിപ്പോയി.

ഏതോ ഒരു ഇണ്ടൻതുരുത്തിയിൽ പറങ്കിമാവ് കൃഷി നടത്തി ലക്ഷങ്ങൾ കൊയ്യാം എന്ന വാഗ്ദാനം ചെയ്ത് കെ.സി. ജോൺ നിരവധി ആളുകളെ പണ്ട് വിഡ്ഢികളാക്കി. അന്ന് ഡിഫെൻഡർ ഇല്ലായിരുന്നു. അതുകൊണ്ട് ചോദിക്കാനും പറയാനും ആളുണ്ടായില്ല. പക്ഷേ, ഇന്ന് അതല്ല സ്ഥിതി. ഡിഫെൻഡർ ഈ പ്രശ്നം വെറുതെ വിടില്ല. അവസാനത്തെ ചില്ലിക്കാശുവരെ തിരികെ കൊടുത്തേ മതിയാകൂ.

ഏതാനും മാസം കഴിഞ്ഞ് ചാനൽ തുടങ്ങുമെന്നു പറഞ്ഞ് തടി തപ്പാനാണ് കെ.സി. ജോൺ ഇപ്പോൾ ശ്രമിക്കുന്നത്. പക്ഷേ, പണം കൊടുത്തവരെ ആശ്വസിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണത്. ചാനൽ തുടങ്ങാൻ 25 കോടി രൂപ വേണമെന്ന് കെ.സി. ജോൺ തന്നെ പറഞ്ഞിട്ടുണ്ട്. തുടങ്ങാനുള്ള ചെലവാണത്. ചാനൽ നടത്തിക്കൊണ്ടു പോകാൻ അതിൽ അധികം പണം വേണ്ടി വരുമെന്നതിന് സംശയമില്ല. പക്ഷേ ഇത്രക്കാലം പരിശ്രമിച്ചിട്ടും ആവശ്യമുള്ള പണത്തിന്റെ ഒരു ഭാഗം പോലും സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. യഥാസമയം ചാനൽ തുടങ്ങാൻ പോലും കഴിയാത്ത സ്ഥിതിക്ക് ഇനി ആരും പണം കൊടുത്ത് വിഡ്ഢികളാകുമെന്നും തോന്നുന്നില്ല.

ഇനി കെ.സി.ജോൺ എന്തുചെയ്യും? മിക്കവരും ഈ ചോദ്യമാണ് ചോദിക്കുന്നത്. കെ.സി.ജോണിനേപ്പോലുള്ളവർക്ക് എന്തും ചെയ്യാമല്ലോ. പറങ്കിമാവിന്റെ പേരിൽ പണം പിരിച്ചിട്ട് കെ.സി.ജോൺ എന്തുചെയ്തു? പണം പോക്കറ്റിലിട്ടിട്ട് ഞെളിഞ്ഞു നടന്നു. കാലക്രമത്തിൽ ജനം എല്ലാം മറന്നു. അതോടെ പ്രശ്നവവും തീർന്നു. അതേ അടവ് ഇവിടെയും പ്രയോഗിക്കാനാണ് കെ.സി.ജോണിന്റെ ശ്രമം.

പ്രധാന പെന്തക്കോസ്ത് പത്രങ്ങളൊന്നും കെ.സി.ജോണിന് ഏതിരായി എഴുതുകയില്ല. പക്ഷേ, ഏതു കള്ളനെതിരെയും എഴുതാൻ ധൈര്യമുള്ളതുകൊണ്ട് ഡിഫെൻഡർ പ്രതികരിക്കും. അതാണ് കെ.സി.ജോണിനെ അലട്ടുന്ന പ്രധാന പ്രശ്നം.

മിറക്കിൾ നെറ്റിലോ ഗോഡ് ചാനലിലോ കുറച്ചു സമയം വാടകയ്ക്ക് എടുത്ത് പവർ വിഷൻ എന്ന പേരിൽ പരിപാടി നടത്തി ജനത്തിന്റെ കണ്ണിൽ പൊടിയിടാനുള്ള ശ്രമവും നടക്കുന്നുണ്ട്. യഥാർത്ഥ ചാനൽ പിന്നാലെ വരുമെന്നും തൽക്കാലത്തേക്ക് ഇങ്ങനെ ഒരു അഡ്ജസ്റ്റ്മെന്റ് ചെയ്യുകയാണെന്നും ഒക്കെ പറഞ്ഞ് ഉറക്കെ രണ്ടു ഹാലേലൂയ്യും പറഞ്ഞാൽ ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഇളകിപ്പോകും. ഏതാനും മാസം കഴിഞ്ഞിട്ട് ആ പരിപാടിയും നിർത്തിയാൽ മതിയല്ലോ. മിറക്കിൾ നെറ്റിൽ കെ.സി.ജോൺ പ്രസംഗം തുടങ്ങിയപ്പോൾ എന്തൊരു ബഹളമായിരുന്നു. ഒടുവിൽ ആ പ്രോഗ്രാം അന്ത്യശ്വാസം വലിച്ചപ്പോൾ ആരും അറിഞ്ഞതേയില്ല. അതുപോലെയൊരു വിദ്യ പ്രയോഗിച്ചാൽ പൂവർ ചാനൽ പ്രശ്നത്തിൽ നിന്നും രക്ഷപ്പെടാമെന്നാണ് കെ.സി.ജോണിന്റെ പ്രതീക്ഷ.

# സ്റ്റേഡിയം പണിയാൻ നെട്ടോട്ടം

ശാരോൻ ജനറൽ കൺവെൻഷനുമുൻപ് സ്റ്റേഡിയത്തിന്റെ പണി നടത്താൻ ശാരോൻ നേതാക്കൻമാർ നെട്ടോട്ടം ഓടുകയാണ്. പക്ഷേ, അത് സഭാസ്നേഹം കൊണ്ടല്ല, മറിച്ച് നാണക്കേടിൽ നിന്നും രക്ഷപ്പെടാനാണെന്ന വസ്തുത മിക്കവർക്കും അറിഞ്ഞുകൂടാ.

ശാരോന്റെ സ്റ്റേഡിയത്തിന്റെ പണി തുടങ്ങിയിട്ട് കാലം കുറെ ആയി. കൺവെൻഷൻ അടുക്കുമ്പോൾ എന്തെങ്കിലുമൊക്കെ ചെയ്തെന്ന് വരുത്തി തീർക്കും. അതു കഴിഞ്ഞാൽ എല്ലാം പഴയപടി ആകും. അടുത്ത കൺവെൻഷൻ അടുക്കുമ്പോഴാണ് വീണ്ടും കാര്യത്തേക്കുറിച്ചോർക്കുക. ഇത്തവണയും ഈ പതിവ് തെറ്റിച്ചിട്ടില്ല.

അത്തി തളിർക്കുമ്പോൾ വേനൽ അടുത്തു എന്ന് മനസ്സിലാക്കാം. അതുപോലെ ശാരോനിൽ പൊതുസഭാ മണ്ഡലം വിളിച്ചു കൂട്ടുമ്പോൾ കൺവെൻഷൻ അടുത്തു എന്ന് തീർച്ചയാക്കാം. കഴിഞ്ഞ മാസം ശാരോന്റെ പൊതുസഭാ മണ്ഡലം കൂടിയിരുന്നു. ശാരോൻ കൺവെൻഷൻ അടുത്തു എന്ന് ഓർമ്മ വന്നത് അപ്പോഴാണ്. കൺവെൻഷൻ നടത്താനുള്ള പണം വിശ്വാസികളിൽ നിന്നു പിരിച്ചെടുക്കാനുള്ള ഒരു അടവാണ് ഈ പൊതുസഭാ മണ്ഡലം.

പതിവുപോലെ, കൺവെൻഷൻ നടത്താനുള്ള പണം സഭകളിൽ നിന്ന് പിരിക്കാൻ തീരുമാനമായി. പക്ഷേ, അതിലും ഗൗരവമുള്ള സ്റ്റേഡിയം എന്ന പ്രശ്നം പരിഹരിച്ചേ മതിയാകൂ. എന്താണ് പോംവഴി? ദൈവവേലയുടെ പേരു പറഞ്ഞ് ടി.ജി.കോശിയും ടി.പി.ഏബ്രഹാമും വിദേശത്തുനിന്നും പിരിച്ച് സ്വന്തം പോക്കറ്റിലാക്കുന്ന പണത്തിന്റെ ദശാംശം മതി ശാരോന്റെ സ്റ്റേഡിയം പണിയാൻ. പക്ഷേ, അവർ അതിന് തയ്യാറല്ല. ഏങ്കിലും ഇത്തവണ എന്തെങ്കിലും ചെയ്തേ മതിയാകൂ എന്ന സ്ഥിതിയായി. അതുകൊണ്ട് ടി.ജി.കോശിയും ടി.പി.ഏബ്രഹാമും ഒരു ലക്ഷം രൂപ വീതം സംഭാവന ചെയ്യാൻ തീരുമാനിച്ചു. വിശ്വാസികളെ പിഴിയാനുള്ള അടവാണിത്.

ടി.ജി.കോശിയും ടി.പി. എബ്രഹാമും സംഭാവന ചെയ്ത പണം സ്വയം അദ്ധ്വാനിച്ചുണ്ടാക്കിയതല്ല. ഇന്ത്യയിലെ ദൈവവേലയ്ക്ക് മറ്റുള്ളവർ കൊടുത്ത പണമാണ്. അത് അവർ സംഭാവന ചെയ്തത് വലിയ കാര്യമൊന്നുമല്ല. പക്ഷേ, അതല്ല വിശ്വാസികളുടെ സ്ഥിതി. ഓരോ ചില്ലിക്കാശും അവർ എല്ലു മുറിയെ പണിയെടുത്ത് ഉണ്ടാക്കുന്നതാണ്. അത് വളരെ ശ്രദ്ധിച്ചു മാത്രമേ ചിലവഴിക്കാനാവൂ. പണം പിരിക്കാനായി ടി.പിയും സംഘവും ഇറങ്ങിയപ്പോഴാണ് ഈ വസ്തുത അവർക്കു മനസ്സിലായത്.

ശാരോന്റെ ഇന്നത്തെ പോക്കിൽ വിശ്വാസികൾ സംതൃപ്തരല്ല. ശാരോനിൽ എന്താണ് നടക്കുന്നതെന്ന് വിശ്വാസികൾക്ക് അറിഞ്ഞുകൂടാ. അവരെ അറിയിക്കേണ്ട ആവശ്യമുണ്ടെന്ന് നേതാക്കൻമാർക്ക് തോന്നിയതുമില്ല. അതുകൊണ്ട് സുബോധമുള്ള ഒരു വിശ്വാസിയും സ്റ്റേഡിയം പണിക്ക് പണം കൊടുക്കാൻ തയ്യാറായതുമില്ല.

നേതാക്കൻമാരായ ഇരുപതോളം ആളുകൾ മാത്രമാണ് ശാരോനിലെ അംഗങ്ങളെന്നും വിശ്വാസികളോ ബഹുഭൂരിപക്ഷം വരുന്ന ശുശ്രൂഷകൻമാരോ ശാരോന്റെ അംഗങ്ങൾ അല്ലെന്നും ശാരോൻ നേതാക്കൻമാർ പറയുന്നു. അങ്ങനെയെങ്കിൽ ശാരോൻ സ്റ്റേഡിയം പണിയാൻ വിശ്വാസികൾ പണം മുടക്കുന്നതെന്തിന്? ഈ ചോദ്യത്തിന് തൃപ്തികരമായ ഒരു ഉത്തരം പറയുവാൻ ഒരു നേതാവിനും ധൈര്യമുണ്ടായിട്ടില്ല.

# സ്റ്റേഡിയം ഭാവിയിൽ കൈവിട്ടുപോകും

ശാരോന്റേതെന്ന വ്യാജേന ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന സ്റ്റേഡിയവും അത് ഉൾപ്പെടുന്ന സ്ഥലവും ഏതാനും വർഷം കഴിയുമ്പോൾ സഭയുടേതല്ലാതാകും. ഈ വസ്തുത മറച്ചു വെച്ചുകൊണ്ടാണ് നേതാക്കൻമാർ പിരിവു നടത്തുന്നത്.

ശാരോന്റെ ഹെഡ് ഓഫീസ് എന്ന് ജനം ധരിച്ചു വെച്ചിരിക്കുന്ന സ്ഥലവും ബഹുനില കെട്ടിടവും ശാരോന്റെ വകയല്ല. സഭയ്ക്ക് ആ വസ്തുവകകളിൽ ഒരു അവകാശവുമില്ല. എന്നാൽ ഇപ്പോൾ കൺവെൻഷൻ നടക്കുന്ന സ്ഥലവും സ്റ്റേഡിയവും മറ്റും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ വകയാണ് എന്നത്രേ പറയപ്പെടുന്നത്. എന്നാൽ സത്യം അതല്ല. ഈ സ്ഥലവും ആസന്ന ഭാവിയിൽ സഭക്ക് നഷ്ടമാകും.

ഈ സ്ഥലം ഡോ.പി. ജെ.തോമസിന്റെയും ഭാര്യയുടേയും പേരിലുള്ളതായിരുന്നു. ഈ സ്ഥലത്ത് സ്റ്റേഡിയം പണിയാൻ ആലോചന ഉണ്ടായപ്പോൾ പാസ്റ്റർ ഏബ്രഹാം ജോസഫ് അതിനെ എതിർത്തു. വിശ്വാസികളിൽ നിന്ന് പണം പിരിച്ച് സ്റ്റേഡിയം പണിയണമെങ്കിൽ ആ സ്ഥലം ശാരോൻ സഭയുടെ വകയായിരിക്കണം എന്ന് ഉറപ്പിച്ചു പറഞ്ഞു. അങ്ങനെ ഡോ.പി.ജെ.തോമസ് വിൽപ്പത്രത്തിൽ ആ സ്ഥലം സഭയ്ക്ക് ദാനം ചെയ്തു. അതോടൊപ്പം മിസിസ്സ് പി.ജെ.തോമസിൽ നിന്ന് സ്ഥലം ഏതാനും വർഷത്തേക്ക് പാട്ടത്തിന് എടുക്കുന്നതായി രേഖയും ഉണ്ടാക്കി.

ഡോ.പി.ജെ.തോമസ് മരിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ അവകാശത്തിലുണ്ടായിരുന്ന ഭാഗം ശാരോൻ സഭക്ക് ലഭിച്ചു. മിസിസ്സ് പി.ജെ.തോമസും മരിച്ചെങ്കിലും അവരുടെ അവകാശത്തിലുണ്ടായിരുന്ന ഭാഗം ഇപ്പോഴും പാട്ടമായി അവശേഷിക്കുന്നു. പാട്ടത്തിന്റെ കാലാവധി കഴിയുമ്പോൾ ആ അവകാശം മക്കൾക്ക് ലഭിക്കും. അങ്ങനെ സ്റ്റേഡിയം നഷ്ടമാകും.

എത്ര വർഷത്തേക്കാണ് സ്ഥലം പാട്ടത്തിന് എടുത്തിരിക്കുന്നത്? അൻപതിൽ അധികം വർഷത്തേക്കാണെങ്കിൽ വലിയ പ്രശ്നമില്ല. പക്ഷേ, സത്യം തുറന്നു പറയാനുള്ള ബാദ്ധ്യത നേതാക്കൻമാർക്കുണ്ട്.

ദി ഡിഫെൻഡർ
Vol. No.7 Issue No. 20 2004 October 16

## ഹൈക്കോടതി ഇടപെട്ടില്ലായിരുന്നെങ്കിൽ

രാഷ്ട്രീയ സ്വാധീനം മൂലം യഥാർത്ഥ പ്രതികൾ രക്ഷപ്പെടുമായിരുന്ന ഒരു കേസ്സിൽക്കൂടി ഹൈക്കോടതിയുടെ ഇടപെടൽ മൂലം ശരിയായ അന്വേഷണം നടക്കാൻ പോകുകയാണ്. സൂര്യനെല്ലി കേസ്സിലും ഐസ് ക്രീം പാർലർ കേസ്സിലും നടന്നത് ആവർത്തിക്കാതിരിക്കാൻ ജസ്റ്റീസ് ആർ.ബസന്തിന്റെ വിധി കാരണമായി.

ചുരുങ്ങിയ കാലത്തിനിടയിൽ ശ്രദ്ധേയമായ പല വിധിന്യായങ്ങളും എഴുതിയിട്ടുള്ള ജ.ആർ. ബസന്ത് ഏറെ ജനശ്രദ്ധ നേടിയത് സ്വാശ്രയ മെഡിക്കൽ കോളേജ് അഡ്മിഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ഉണ്ടായ കേസ്സിലൂടെയാണ്. നിയമത്തിന് ഹൃദയവുമുണ്ടാകാം എന്ന് തെളിയിച്ചതും ഈ കേസ്സിന്റെ വിധിയാണ്. ബാർ അസോസിയേഷൻ ഒരു അസ്സാധാരണ പ്രമേയം പാസ്സാക്കുന്നിടം വരെ എത്തി ഈ സംഭവം. ഹൈക്കോടതിയുടെ തലവനായ ചീഫ് ജസ്റ്റീസിനോട് വിയോജിച്ചുകൊണ്ട് പ്രത്യേക വിധിന്യായം എഴുതാൻ ജ.ആർ. ബസന്തിന് മടിയുണ്ടായില്ല. ഇരുപത്തിനാല് മണിക്കൂർ കൊണ്ട് ഒന്നര ലക്ഷത്തോളം രൂപ കണ്ടെത്താൻ സാധാരണക്കാരായ വിദ്യാർത്ഥികളെ നിർബ്ബന്ധിതരാക്കുന്നത് തൻെറ ഹൃദയത്തെ വേദനിപ്പിക്കുന്നു എന്ന് അദ്ദേഹം വ്യക്തമാക്കി. ഹൃദയമുള്ളവർക്കേ ഹൃദയവേദനയുണ്ടാകൂ.

ആലീസ് ജോർജ് VS ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്ന കേസ്സിൽ ജ.ആർ. ബസന്ത് പുറപ്പെടുവിച്ച വിധിയും ശ്രദ്ധേയമായി. കോടതിയിലെ തിക്കും തിരക്കും കുറക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഈ വിധി നടപ്പിലാക്കിയാൽ കോടതികൾക്കും കക്ഷികൾക്കും അത് ഏറെ ആശ്വാസകരമാകും എന്നതിന് സംശയമില്ല.

ജാമ്യം റദ്ദായിപ്പോയ കേസ്സുകളിൽ പ്രതി ഹാജരായി വീണ്ടും ജാമ്യാപേക്ഷ സമർപ്പിക്കുമ്പോൾ ഒരു ദിവസമെങ്കിലും ജയിലിൽ കിടന്നശേഷമേ ജാമ്യം അനുവദിക്കൂ എന്ന കീഴ്വഴക്കം നിലനിൽക്കുന്നു എന്ന അറിവ് തന്നെ ഞെട്ടിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. "Before parting with this case I must mention that the facts revealed are disturbing" എന്നത്രേ അദ്ദേഹം വിധിന്യായത്തിൽ പറഞ്ഞത്.

കേരളത്തിലെ കീഴ്ക്കോടതികളിൽ അടുത്ത ദിവസം പരിഗണിക്കപ്പെടുന്ന കേസ്സുകളുടെ ലിസ്റ്റ് തലേദിവസം പ്രസിദ്ധപ്പെടുത്തണമെന്നും ജ.ആർ. ബസന്ത് വിധിക്കുകയുണ്ടായി. ലിസ്റ്റിൻെറ പകർപ്പ് ബാർ അസോസിയേഷനും അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് അസോസിയേഷനും ലഭ്യമാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

എറണാകുളം ജില്ലാ ജഡ്ജി ആയിരിക്കുമ്പോൾത്തന്നെ ജസ്റ്റിസ് ആർ.ബസന്ത് ശ്രദ്ധേയനായിരുന്നു. ഹൈക്കോടതി ജഡ്ജി എന്ന നിലയിൽ ലഭിച്ചിരിക്കുന്ന അധികാരം ജനനൻമക്കായി അദ്ദേഹം ഉപയോഗിക്കുമെന്ന് അനുഭവം തെളിയിക്കുന്നു. രാഷ്ട്രീയ പകപോക്കലും മറ്റും ഉണ്ടായില്ലെങ്കിൽ ജസ്റ്റിസ് ആർ.ബസന്ത് സുപ്രീം കോടതി ചീഫ് ജസ്റ്റിസായിട്ടായിരിക്കും വിരമിക്കുക.

## ഡിഫെൻഡർ ലഭിക്കുവാൻ എന്തുചെയ്യണം?

മാസത്തിൽ ഒരിക്കൽ നാലുപേജ് പ്രസിദ്ധീകരിച്ചിരുന്നപ്പോൾ ഡിഫെൻഡർ സൗജന്യമായി കൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ, ഇപ്പോൾ ഡിഫെൻഡർ ദ്വൈവാരികയാണ്. അതുകൊണ്ട് ഉല്പാദനച്ചെലവ് വളരെ വർദ്ധിച്ചു. ആകയാൽ വരിസംഖ്യ നൽകാത്തവർക്ക് ഡിഫെൻഡർ ലഭിക്കുന്നതല്ല. ഇപ്പോൾ സാമ്പിൾ കോപ്പി ലഭിക്കുന്നവരും വരിസംഖ്യ പുതുക്കുന്നവരും ഈ മാസം 25ന് അകമായി വരിസംഖ്യ അയച്ചുതരിക. മണിയോർഡർ അയക്കുന്നതാണ് സൗകര്യം. ചെക്ക്, ഡ്രാഫ്റ്റ്, വിദേശ മണിയോർഡർ തുടങ്ങിയവ **T.S.Balan** എന്ന പേരിൽ, പെരുമ്പാവൂരിൽ മാറത്തക്കവിധം എടുത്ത് അയച്ചു തരിക.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ : 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# വസ്ത്രധാരണവും ആത്മവിശ്വാസവും

**(വൈസ്മെൻ ബുക്സ് ഉടൻ പ്രസിദ്ധീകരിക്കുന്ന മാജിക് ഓഫ് തിങ്കിംഗ് ബിഗ് എന്ന പുസ്തകത്തിൽ നിന്ന്)**

ചുറ്റും കണ്ണോടിച്ചു നോക്കൂ. ചിലരെ ജനം ബഹുമാനത്തോടെ മാത്രം അഭിസംബോധന ചെയ്യുമ്പോൾ തുല്യ പദവിയിലുള്ള മറ്റു ചിലരെ ബഹുമാനത്തോടെയല്ലാതെ വിളിക്കുന്നു. ശ്രദ്ധിക്കുക: ചിലർ ജനസമ്മതിയും വിശ്വാസവും ബഹുമാനവും നേടുമ്പോൾ മറ്റു ചിലർക്ക് അവയൊന്നും ലഭിക്കുന്നില്ല. എന്തുകൊണ്ട്? അന്യരുടെ വിശ്വാസവും ബഹുമാനവും നേടുന്ന വ്യക്തികളെല്ലാം തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിൽ വിജയം വരിച്ചിട്ടുള്ളവരാണ്.

എന്താണ് ഇതിന് ഒരു വിശദീകരണം? "ചിന്ത" എന്ന ഒറ്റ വാക്കിൽ ഇതിന് ഉത്തരം പറയാൻ കഴിയും. നാം നമ്മേക്കുറിച്ച് എന്തു ചിന്തിക്കുന്നോ അതുതന്നെ ജനം നമ്മിൽ കാണുന്നു. നാം നമുക്ക് ലഭിക്കാൻ അർഹതയുണ്ടെന്ന് വിശ്വസിക്കുന്ന ബഹുമാനം മറ്റുള്ളവർ നമുക്ക് തരുന്നു.

ആവശ്യത്തിന് യോഗ്യതയുണ്ടായിട്ടും അപകർഷതാബോധവുമായി നടക്കുന്ന വ്യക്തിക്ക് അന്യരുടെ ബഹുമാനം നേടാൻ കഴിയുന്നതല്ല. കാരണം, ചിന്തയാണ് നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നത്. താൻ കഴിവുകെട്ടവനാണ് എന്ന് സ്വയം കരുതുന്ന വ്യക്തിക്ക് എത്ര ഒളിച്ചാലും ഈ ചിന്ത മറച്ചു വെയ്ക്കാൻ ആവില്ല. കാരണം, ഈ ചിന്ത അയാളുടെ പ്രവൃത്തിയിലൂടെ വെളിപ്പെടും. താൻ പ്രാധാന്യമുള്ളവനാണെന്ന് ചിന്തിക്കാത്തവർക്ക് പ്രാധാന്യമുള്ളവനാകാൻ കഴിയില്ല. നേരേ മറിച്ച്, താൻ ബഹുമാന്യനാണെന്ന് വിശ്വസിക്കുന്ന വ്യക്തിക്ക് ബഹുമാനം ലഭിക്കും.

നാം പ്രാധാന്യമുള്ള വ്യക്തിയാകണമെങ്കിൽ നാം പ്രാധാന്യമുള്ള വ്യക്തിയാണെന്ന് സ്വയം വിശ്വസിക്കണം. അപ്പോൾ മറ്റുള്ളവരും അങ്ങനെ വിശ്വസിക്കും. നിങ്ങളുടെ ചിന്ത നിങ്ങളുടെ പ്രവൃത്തിയെ നിയന്ത്രിക്കുന്നു. നിങ്ങളുടെ പ്രവൃത്തിയിലൂടെ മറ്റുള്ളവർ നിങ്ങളെ വിലയിരുത്തുന്നു. അതുകൊണ്ട് നിങ്ങളുടെ ചിന്ത ശരിയായ വിധത്തിലുള്ളതായിരിക്കട്ടെ. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു: മറ്റുള്ളവരുടെ ബഹുമാനം നേടിയെടുക്കുക എന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. കാരണം, നിങ്ങളുടെ ചിന്ത ഉയർന്നതായിരുന്നാൽ മറ്റുള്ളവർ നിങ്ങളെ ബഹുമാനിക്കും. നിങ്ങൾക്ക് നിങ്ങളേക്കുറിച്ചുള്ള ബഹുമാനം വർദ്ധിക്കുന്ന തനുസരിച്ച് മറ്റുള്ളവർക്ക് നിങ്ങളോടുള്ള ബഹുമാനവും വർദ്ധിക്കും.

നിങ്ങൾ ബഹുമാനിക്കുന്നവർ ആരൊക്കെ എന്ന് പരിശോധിക്കൂ. അവർക്കെല്ലാം സ്വയം ബഹുമാനം ഉണ്ടായിരിക്കും. സ്വയ്യം ബഹുമാനി ക്കാത്ത വ്യക്തിയെ നിങ്ങൾക്കും ബഹുമാനിക്കാൻ കഴിയുകയില്ല. നമുക്ക് നമ്മോടുള്ള ബഹുമാനം നമ്മുടെ പ്രവൃത്തിയിൽ പ്രതിഫലിക്കും. അതുകൊണ്ട് എങ്ങനെ നമുക്ക് നമ്മോടുള്ള വിശ്വാസം വർദ്ധിപ്പിക്കാം എന്ന് പഠിക്കാം.

1. നന്നായി വസ്ത്രം ധരിക്കുക:

"ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞമറിയാം" എന്ന ചൊല്ല് അർത്ഥവത്താണ്. കാരണം, നമ്മുടെ വേഷഭൂഷാദികൾ നാം ആരാണെന്ന് വിളിച്ചു പറയുന്നു. അതുകൊണ്ട് വേഷം എപ്പോഴും നന്നായിരിക്കട്ടെ. നിങ്ങൾ എന്താണെന്ന് മറ്റുള്ളവർ ധരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നോ അതാണ് നിങ്ങൾ എന്ന് കണ്ടാൽ തോന്നുമെന്ന് ഉറപ്പാക്കിയശേഷം മാത്രം പുറത്തിറങ്ങുക.

പുരുഷൻമാർക്കായി വസ്ത്രം ഉണ്ടാക്കുന്ന ഒരു സ്ഥാപനം സാധാരണയായി നൽകുന്ന ഒരു പരസ്യം ഇതോടുള്ള ബന്ധത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്:

"ശരിയായി വേഷം ധരിക്കുക. നിങ്ങൾക്കത് ഒഴിവാക്കാനാവില്ലല്ലോ". ഈ പരസ്യവാചകം നമ്മുടെ വീട്ടിലും ഓഫീസിലും വിശ്രമ മുറിയിലും നമ്മുടെ കണ്ണെത്തുന്ന എല്ലാ സ്ഥലങ്ങളിലും വെയ്ക്കുന്നത് ഗുണം ചെയ്യും.

ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: "ഒരു ചീത്തക്കുട്ടിയെ അവൻെറ വേഷത്തിൽ നിന്നുതന്നെ ഞങ്ങൾക്ക് തിരിച്ചറിയാൻ കഴിയും. ഞാൻ കുറ്റം പറയുകയാണെന്ന് കരുതരുത്, ഇതാണ് സത്യം". ഒരു അദ്ധ്യാപകനും ഇതുതന്നെയാകും പറയാൻ ഉണ്ടാകുക. വസ്ത്രം ധരിക്കുന്ന രീതിയിൽ നിന്ന് ഒരു കുട്ടിയേക്കുറിച്ച് പലതും അറിയാൻ കഴിയും. അതുകൊണ്ട് സ്വയം പരിശോധിക്കുക: നിങ്ങളുടെ വസ്ത്രം നിങ്ങളേക്കുറിച്ച് എന്തു പറയുന്നു?

കുട്ടികളുടെ കാര്യത്തിൽ മാത്രമല്ല, പ്രായമായവരുടെ കാര്യത്തിലും ഇത് ശരിയാണ്. നന്നായി വസ്ത്രം ധരിക്കുക എന്നു പറഞ്ഞാൽ വിലകൂടിയ വസ്ത്രം ധരിക്കുക എന്ന് അർത്ഥമില്ല. അതുകൊണ്ട് വലിയ പണച്ചെലവൊന്നും കൂടാതെതന്നെ നിങ്ങൾക്ക് മാന്യമായി വസ്ത്രധാരണം നടത്താൻ കഴിയും. ഓർക്കുക: നന്നായി വസ്ത്രം ധരിച്ചാൽ നിങ്ങൾക്ക് നന്നായി ചിന്തിക്കാനും പെരുമാറാനും കഴിയും.

ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ശരിയായ വസ്ത്രധാരണത്തിന് കഴിവുണ്ട്. ഒരു മനഃശാസ്ത്ര അദ്ധ്യാപകൻ അദ്ദേഹത്തിൻെറ വിദ്യാർത്ഥികൾക്ക്, പരീക്ഷയ്ക്കു മുൻപ്, ഇങ്ങനെയൊരു ഉപദേശം കൊടുക്കാറുണ്ട്: "നന്നായി വസ്ത്രം ധരിച്ചു വേണം പരീക്ഷക്ക് പോകുവാൻ. കഴിയുമെങ്കിൽ പുതിയ വസ്ത്രം ധരിക്കുക. അത് നിങ്ങളുടെ അത്മവിശ്വാസം വർദ്ധിപ്പിക്കും. പരീക്ഷാഹാളിൽ നന്നായി ശോഭിക്കുവാൻ അത് നിങ്ങളെ സഹായിക്കും". ഈ പ്രൊഫസർക്ക് മനഃശാസ്ത്രം നന്നായി അറിയാം. അതു കൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. നിങ്ങളുടെ ബാഹ്യമായ ഭാവം നിങ്ങളുടെ ആന്തരികഭാവത്തെ സ്വാധീനിക്കുന്നു. അതുകൊണ്ട് നന്നായി വേഷം ധരിക്കേണ്ടത് ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ തികച്ചും ആവശ്യമാണ്.

## മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിംഗ്

- ✱ പുസ്തകം, മാസിക, ന്യൂസ് ലറ്റർ, ബ്രോഷർ തുടങ്ങി എല്ലാവിധ അച്ചടി ജോലികളും കൃത്യമായും ഭംഗിയായും ചെയ്തു കൊടുക്കുന്നു
- ✱ എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ് തുടങ്ങിയവയും ചെയ്യുന്നു
- ✱ വിദേശത്തുള്ളവർക്ക് പുസ്തകങ്ങളും മറ്റും പ്രിന്റ് ചെയ്ത് അയച്ചു കൊടുക്കുന്നു
- ✱ ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ വിവരങ്ങൾക്ക്:

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ: 9447414608
**Email: info@perumbavoornews.com**

# ക്രിസ്ത്യൻ അപ്പോളജറ്റിക്സ്

## കറുത്ത കുർബ്ബാന

സാത്താൻ സേവകരാണ് കറുത്ത കുർബ്ബാന ആചരിക്കുന്നവർ. ഈ വിധത്തിലുള്ള സാത്താൻ സേവകൾ ലോകത്തിൽ വളർന്നു പന്തലിച്ചു കൊണ്ടിരിക്കുകയാണ്. ഈ കറുത്ത കുർബ്ബാന സാത്താനെ വാഴ്ത്തുവാനായിട്ടാണ് അർപ്പിക്കുന്നത്. കത്തോലിക്കാസഭയുടെ കുർബ്ബാനയുടെ നേരെ വിപരീത വാദത്തിന്മേൽ തങ്ങളുടെ കറുത്ത കുർബ്ബാന അർപ്പിക്കുന്നു. സാധാരണയായി പൂർണ്ണനഗ്നയായ ഒരു സ്ത്രീ യാഗപീഠത്തിൽ നിവർന്നു കിടക്കുകയും ആരാധനയുടെ അവസാനത്തിങ്കൽ മഹാപുരോഹിതൻ അവളുമായി സംഭോഗത്തിലേർപ്പെടുകയും ചെയ്യുന്നു.

കത്തോലിക്കാസഭയുടെ കുർബ്ബാനകളിൽ വസ്തുമാറ്റം സംഭവിക്കുന്നു എന്നതിനെ പരിഹസിക്കുവാൻ ഇവർ തങ്ങളുടെ കറുത്ത കുർബാനയിൽ മൃഗങ്ങളുടെ രക്തവും മാംസവും ഭക്ഷിക്കുന്നു. മനുഷ്യക്കുരുതിയും സാത്താൻ സേവകന്മാർക്ക് അപരിചിതമല്ല. വിസ്തരിക്കുവാൻ പ്രയാസമുള്ള മറ്റു പല പ്രവൃത്തികളും തങ്ങളുടെ കറുത്ത കുർബ്ബാനയിൽ ഇക്കൂട്ടർ ചെയ്യാറുണ്ട്. സത്യദൈവത്തേയും അവന്റെ നിത്യപുത്രനേയും പരിശുദ്ധമായ കാൽവറിയേയും പരിഹസിക്കുന്ന ഈ പ്രവർത്തികൾ പൂർണ്ണമായും ദൈവദൂഷണം തന്നെയാണ്.

Clifford Wilson and John Weldon ഈ കറുത്ത കുർബ്ബാനയെ വർണ്ണിച്ചിരിക്കുന്നത് ഈ വിധമാണ്.

''ചുവന്ന വിരിയിട്ട് ചുറ്റും മെഴുകുതിരി കത്തിച്ച് വച്ചിരിക്കുന്ന ഒരു മേശയ്ക്കു (യാഗപീഠം) ചുറ്റും ഒരു പറ്റം ആളുകളിരിക്കുന്നു. ആ 'യാഗപീഠത്തിന്' സമീപേ ഒരു കുരിശ് തലകീഴായി നിർത്തിയിരിക്കും. പകുതി മനുഷ്യനും പകുതി മൃഗവുമായി പിശാചിന്റെ ചിത്രം തൂക്കിയിരിക്കും. കഴുത്തിൽ തലതിരിച്ച കുരിശും തൂക്കി മുഖ്യപുരോഹിതൻ (മഹാപുരോഹിതൻ) കടന്നുവന്ന് തന്റെ കൈകളിലുള്ള ആ വലിയ ക്രൂശിനെ വലിച്ച് ശക്തിയോടെ തറയിലേക്കെറിയുന്നു. Shemhaforash (ഷേഹഫോർസ്സ) എന്ന് അദ്ദേഹം ആക്രോശിക്കുന്നു. സാത്താൻ സഭയിൽ ഉച്ചരിക്കുന്നതിൽ ഏറ്റവും ശക്തിയുള്ള പദമാണിത്. യഹൂദ 'തൽമൂദു'കളിൻ പ്രകാരം ദൈവം ഭൂമിയെ സൃഷ്ടിക്കുമ്പോൾ ഉച്ചരിച്ച രഹസ്യ വാക്ക് ഇതാണ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് ഒരു നിന്ദ്യമായ അംഗവിക്ഷേപത്തോടെ അദ്ദേഹം പ്രഖ്യാപിക്കുന്നു. 'സാത്താനു വന്ദനം' ദൈവദൂഷണം നിറഞ്ഞു നിൽക്കുന്ന തങ്ങളുടെ കുർബ്ബാന അതോടെ തുടങ്ങുകയായി. സാത്താൻ വിശ്വാസികൾ യേശുക്രിസ്തു പഠിപ്പിച്ച മാതൃകാ പ്രാർത്ഥന പരിഹാസികമാക്കുവാൻ പിന്നിൽ നിന്ന് മുന്നോട്ട് ചൊല്ലുന്നു. സഭയുടെ എല്ലാ കല്പനകളേയും അവർ ഓരോന്നായി പരിഹസിക്കുന്നു. സാത്താന്യ ബൈബിളിലെ വാക്യങ്ങളിൽ ചിലത് ഇപ്രകാരമുള്ളതാണ്. "Blessed are the strong, For they shall possess the earth (ശക്തരായവർ ഭാഗ്യവാന്മാർ. അവർ ഭൂമിയെ കൈവശമാക്കും.) If man smite you on one check, smash him on the other. (ഒരുവൻ നിന്റെ കരണത്തടിച്ചാൽ അവന്റെ മറ്റേ കരണത്ത് അടിക്കുക.)''

നഗ്നതയ്ക്ക് സാത്താന്യാരാധനയിൽ പ്രത്യേക സ്ഥാനം തന്നെയാണ് ഉള്ളത്. ഒരു സ്ത്രീയെ സാത്താന്റെ പുരോഹിതയാക്കുക എന്നാൽ അവളെ സൂര്യദേവന് യാഗമാക്കുക എന്നാണ് അർത്ഥമാക്കുക. ആ ചടങ്ങിനായി അവൾ പൂർണ്ണ നഗ്നയായി യാഗപീഠത്തിൽ (ചുവന്ന വിരിപ്പുള്ള മേശയിൽ) കിടക്കുന്നു. സ്ത്രീകളിൽ അധിവസിക്കുന്ന ശക്തി നഗ്നമായി മലർന്നു കിടക്കുന്നതിനാൽ അധികരിക്കും എന്നും, വസ്ത്രം അണിയുന്നതിനാൽ ആ ശക്തിയെ തടുത്തുനിർത്തുകയാണ് ചെയ്യുന്നത് എന്നും ഇവർ വിശ്വസിക്കുന്നു. ഈ ലോകത്തിലെ സുഖങ്ങളും ജഡികോല്ലാസവുമാണ് സാത്താന്യ വിശ്വാസികളുടെ അന്തിമലക്ഷ്യം. എന്നുമാത്രമല്ല, സാത്താൻ ലോകാവസാനത്തിങ്കൽ തന്നെ പുറന്തള്ളിയ അതേ സ്വർഗ്ഗത്തിലേക്ക് തിരികെ പ്രവേശിക്കുമെന്നും, അവിടെ നിന്നും ക്രിസ്ത്യാനികളുടെ ദൈവത്തേയും കൂട്ടരേയും പുറത്താക്കിയ ശേഷം സ്വർഗ്ഗം പിടിച്ചെടുക്കുമെന്നും അന്ന് സാത്താന്യ സേവകർ ആ സാത്താന്യ ശക്തിയിൽ പങ്കുള്ളവർ ആയി ശക്തിയോടെ ഭൂമിയും സ്വർഗ്ഗവും ഭരിക്കും എന്നും ഇവർ വിശ്വസിക്കുന്നു. (Cliford, Wilson and John Diego 1980 p. 9, 10).

കറുത്ത കുർബ്ബാന ആഭിചാരത്തിലെ സാത്താന്യ പ്രവർത്തനത്തിന് മകുടോദാഹരണമാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ തന്നെ ഈ സാത്താൻ സേവയെ വേദപുസ്തകം വിലക്കിയിരിക്കുന്നു. സത്യവിശ്വാസിക്ക് ദൈവത്തേയും സാത്താനേയും ഒരുപോലെ സേവിക്കുക സാധ്യമല്ല. കറുത്ത കുർബ്ബാനയും സാത്താന്യാരാധനയും മന്ത്രവാദ പ്രവർത്തനങ്ങളും മറ്റെല്ലാ ആഭിചാര പ്രവർത്തനവും ഒരുപോലെ തന്നെ നിഷേധ്യമാണ്. അവ ദൈവവചനത്തോടുള്ള പരിഹാസ പ്രകടനങ്ങളാണ്. അതുകൊണ്ട് അവർ ഒരിക്കലും നിത്യജീവൻ ലഭിക്കാതെ നിത്യശിക്ഷയ്ക്ക് തങ്ങളെത്തന്നെ യോഗ്യരാക്കുന്നു. എന്നാൽ അനതിവിദൂരമല്ലാത്ത ഭാവിയിൽ തന്നെ എല്ലാ ആഭിചാരകരും ഒരുപോലെ അവന്റെ മുമ്പിൽ മുട്ടുകൾ മടക്കും. ''അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും, എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും.'' (ഫിലി. 2:9-11).

9. സാത്താന്യസേവ

സാത്താന്യാരാധനയ്ക്ക് ലോകചരിത്രത്തിൽ തന്നെ നീണ്ട പേരുകൾ ഉണ്ട്. ഇതിനെ നാം പല രീതിയിൽ കണ്ടുമുട്ടുന്നു. കറുത്ത മാജിക്ക്, കറുത്ത കുർബ്ബാന, മയക്കുമരുന്ന് സംസ്കാരം, രക്തപങ്കിലമായ യാഗങ്ങൾ ഇങ്ങനെ പല ഭാവത്തിൽ ഇത് നിലവിലുണ്ട്. Escape from Witchcraft എന്ന പുസ്തകത്തിൽ Rebera Blankeenship രണ്ട് പെൺകുട്ടികളുടെ ചരിത്രം വിവരിച്ചിട്ടുണ്ട്. അവരെ സാത്താന്യാരാധകരാക്കി തീർക്കുവാൻ, ആദ്യം പാതിരാത്രിയിൽ അവരെ ഒരു ശവപ്പറമ്പിൽ വിട്ടു. ഒരാളോളം വലിപ്പമുള്ള ഒരു കുരിശിന്റെ മുമ്പിൽ നിന്ന് തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെ ത്യജിച്ച് പറയിപ്പിച്ചു. അതിനുശേഷം ജീവനോട് തോൽ ഉരിച്ച ഒരു മൃഗത്തിന്റെ രക്തം അവരെ കുടിപ്പിച്ചു.'' (Escape from witchcraft, Grand Rapids M.I. Zondervan Publishing House, 1972 P.I.).

1973 ഏപ്രിൽ മാസം ഫ്ളോറിഡായിലുള്ള Day-cona Beac-ൽ ചതഞ്ഞ് അംഗവിച്ഛേദം ചെയ്ത 17 വയസ്സു മാത്രം പ്രായമുള്ള Mike ന്റെ ശരീരം ലഭിച്ചു. പോലീസിന്റെ നിഗമനം അത് സാത്താൻ സേവക്കാർ കുരുതി കൊടുത്തതിനു ശേഷം ഈ ശവശരീരം ഉപേക്ഷിച്ചതായിരിക്കും.

Oklahoma Christian College Professor ആയി Lyn Me Million-ന്റെ നിഗമനം സാത്താൻ സേവകർ മയക്കുമരുന്നുശാലകളും ലൈംഗികശാലകളും തങ്ങളുടെ വിഹാരരംഗങ്ങളായി ധാരാളമായി ഉപയോഗിക്കുന്നു എന്നാണ്. (Lynn Wallier, Super-natural and Occult, Austin IX firm/foundation publishing House Nd. p. 1.).

a. പരമ്പരാഗതമായ സാത്താന്യസേവ

പരമ്പരാഗതമായി സാത്താനെ മനുഷ്യൻ രഹസ്യമായി സേവിച്ചിരുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും ആയിരുന്നു ആ രഹസ്യമറ. എന്നാൽ ഇന്ന് ആ രഹസ്യമറ നീക്കി സാത്താൻ പുറത്തു വന്നുകഴിഞ്ഞു. ഇന്ന് സാത്താന്യസേവ വെറും മന്ത്രങ്ങളും, മാജിക്കും, ആചാരങ്ങളും മാത്രമായിട്ടല്ല പിന്നെയോ യഥാർത്ഥ സാത്താന്യ ബൈബിൾ, സാത്താന്യ പള്ളികൾ, സാത്താന്യ പുരോഹിതന്മാർ ഇങ്ങനെ എല്ലാം നിലവിൽ വന്നുകഴിഞ്ഞു.

Occult Source Book പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ''പരമ്പരാഗതമായി, സാത്താന്യസേവ എന്നാൽ ദുഷ്ടതയെ ആരാധിക്കുക എന്നതാണ്. ക്രിസ്ത്യൻ തത്വങ്ങളെ പുച്ഛിച്ചു തള്ളുന്ന ഒരു മതം. ബൈബിൾ ഉപദേശിക്കുന്നതിനു നേരെ എതിരായിട്ട് ഉപദേശിക്കുന്നവർ, ക്രിസ്ത്യാനികളുടെ പിശാച് ഇവർക്ക് ദൈവമാകുന്നു. ക്രിസ്തീയ പാപങ്ങൾ ഇവർക്ക് പുണ്യമായിത്തീരുന്നു. ജീവിതം നന്മയും തിന്മയും തമ്മിലുള്ള നിരന്തര പോരാട്ടമാണ് എന്ന് ഇരുവരും പറയുന്നു. ഈ വെളിച്ചവും അന്ധകാരവും തമ്മിലുള്ള യുദ്ധത്തിൽ അന്ധകാരം വെളിച്ചത്തെ പിടിച്ചെടുക്കും എന്നും, സാത്താനാണ് അന്ത്യജയം എന്നും ഇവർ വിശ്വസിക്കുന്നു.'' (Neville Durur and Gregory Tiller, The Occult Source Book, London, routledge and Kegan Paul, Ltd. 1978. Page 149).

സാത്താന്യ ആഭിചാര കർമ്മം ഇന്ന് ലൈംഗികശാലകളുടെയും മയക്കുമരുന്നു ശാലകളുടെയും ആശീർവ്വാദത്തോടെ വളർന്നു പന്തലിച്ചു കഴിഞ്ഞു.

b. ആധുനിക സാത്താന്യാരാധന

പരമ്പരാഗതമായി സാത്താൻസേവ വളർന്നുകൊണ്ടിരിക്കുകയാണെങ്കിലും ഇക്കാലത്ത് യഹൂദ-ക്രിസ്തീയ മര്യാദകളുടെ തകർച്ചയോടെ ആധുനിക മനുഷ്യത്വവാദികളും സാത്താൻ സേവകരും ഉണർന്നു കഴിഞ്ഞു. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം സാത്താന്റെ ആരാധനാലയം തന്നെയാണ്.

''ആധുനിക കാലത്ത് യൂറോപ്പിലും, ഇംഗ്ലണ്ടിലും, അമേരിക്കയിലും നിലനിൽക്കുന്ന മതസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു സാത്താന്യ സേവക്കാർ വളർന്നുകൊണ്ടിരിക്കയാണ്. ഈ സാത്താന്യ ആരാധകരിൽ 1966-ൽ രൂപംകൊണ്ട Znton havey-യുടെ San Fransisco-യിലെ സാത്താന്റെ സഭയാണ് പരമപ്രധാനം. ഇന്ന് അവരുടെ അംഗബലം അനേകായിരങ്ങളായി ഉയർന്നു എന്നു മാത്രമല്ല, അമേരിക്കയിൽ തന്നെ ഒരു പ്രമുഖ സഭയായി ഇവർ രൂപം പ്രാപിച്ചു കഴിഞ്ഞു. മറ്റ് അനേക വിഭാഗങ്ങളും ഇതുപോലെ തന്നെ സാത്താനെ സേവിക്കുന്നു. ഇതിൽ Manson Gang സാത്താന്യ സേവയും ദുർമന്ത്രവാദവും ചേർത്ത് ഉപയോഗിച്ചു. അവരെ നിയന്ത്രിക്കുവാനുള്ള ഗവൺമെന്റിന്റെ ശ്രമത്താൽ അവർ വളരെ ജനശ്രദ്ധ ആകർഷിച്ചു. തൽഫലമായി വലിയൊരു സമൂഹം തന്നെ ജീവിതത്തിന്റെ യഥാർത്ഥ മൂല്യങ്ങളെ തിരസ്കരിച്ച് അവരോട് ചേർന്നു.''

സാത്താന്യസേവയ്ക്ക് പ്രാധാന്യം ലഭിക്കാൻ കാരണമായിത്തീർന്നത് "Rose Mary's Baby' എന്ന ചലച്ചിത്രം മൂലമാണ്. The Satanic Bible-ന്റെ കർത്താവ് Anton Sandor Lavey-യാണ് സാത്താന്റെ സഭയുടെ മുഖ്യ പുരോഹിതൻ. അദ്ദേഹം തന്നെയായിരുന്നു Rose Mary Baby-യിൽ സാത്താനായി വേഷമിട്ടതും. ജീവിതത്തിന്റെ അനേക തുറകളിൽ നിന്നും വ്യത്യസ്ത വിഭാഗത്തിൽ പെട്ടവർ ഇന്ന് ഇവരോട് ചേർന്നുകൊണ്ടിരിക്കുന്നു.

c. സാത്താന്റെ സഭ

കേൾക്കുമ്പോൾ ഒരു പരിഹാസം തോന്നാം എങ്കിലും Anton Sandor Lavey - An Fransisco-യിൽ ആദ്യത്തെ സാത്താന്റെ സഭ സ്ഥാപിച്ചു. ഈ സഭയിൽ മനുഷ്യന് ചെയ്യാൻ സാധിക്കുന്ന എല്ലാ ജഡികോല്ലാസങ്ങളും അനുവദനീയമാണ്. ജീവിതം ആസ്വദിച്ചനുഭവിക്കാനുള്ളതാണ്. ഇതാണ് അവരുടെ തത്വം.

Lavey തന്റെ സർക്കസ് കമ്പനികളിലും ഓർഗൺ വായിച്ചിരുന്ന ഒരുവനായിരുന്നു. തന്നെയുമല്ല, Police Photographer ആയിട്ടും പ്രവർത്തിച്ചിരുന്നു.

(പേജ് 5 .........)




ക്രിസ്തീയ ന്യായവാദ ശാസ്ത്രത്തേക്കുറിച്ച് മിക്കവർക്കും കാര്യമായ അറിവില്ല. ആ കുറവ് പരിഹരിക്കാൻ ഉതകുന്ന ഒരു ഉത്തമ ഗ്രന്ഥമാണ് വൈസ്മെൻ ബുക്സിന്റെ ക്രിസ്ത്യൻ അപ്പോളജറ്റിക്സ്. ഡോ.ജോൺ സൺ സി. ഫിലിപ്പ്, ഡോ.സനീഷ് ചെറിയാൻ, ഷിബു കെ.പോൾ, കോശി കെ.പോൾ എന്നിവരാണ് എഴുത്തുകാർ. എണ്ണൂറിലധികം പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 590 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക്: വൈസ്മെൻ ബുക്സ്, എൻ.എച്ച്. ജംഗ്ഷൻ, വൈറ്റില, കൊച്ചി - 682 019. ഫോൺ: 0484-2303395.

*(വൈസ്മെൻ ബുക്സിന്റെ ക്രിസ്ത്യൻ അപ്പോളജറ്റിക്സ് എന്ന ഗ്രന്ഥത്തിലുള്ള ഒരു ലേഖനത്തിന്റെ ഭാഗമാണ് ഈ ലേഖനം).*

# ബ്രൻഹാമിൻെറ ദുരുപദേശങ്ങൾ



## ഇത് കൾട്ടാണ്

ശക്തമായ നേതൃത്വം ഒരു പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വളരെ സഹായകരമാകുമെങ്കിലും ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം കൾട്ടിന്റെ ഉത്ഭവത്തിന് കാരണമാകും. ഒരു ദൈവദാസൻ എത്രത്തോളം ശ്രേഷ്ഠമായ ശുശ്രൂഷ ചെയ്താലും ദൈവത്തിന് സമനാകയില്ല. ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. പത്രോസും പൗലോസും മറ്റും നമ്മെപ്പോലുള്ള മനുഷ്യർ മാത്രമായിരുന്നു. ബ്രൻഹാമും ഒരു സാധാരണ മനുഷ്യനായിരുന്നു. അദ്ദേഹം ലവോദിക്യാ സഭയുടെ ദൂതനോ വെളി. 10:6-ലെ ദൂതനോ ആയിരുന്നില്ല. അദ്ദേഹം പറഞ്ഞതെല്ലാം വേദവാക്യമായി എടുക്കാനും ആവില്ല. നിരവധി വിഡ്ഢിത്തങ്ങൾ അദ്ദേഹം പഠിപ്പിച്ചു എന്നത് നാം കണ്ടു കഴിഞ്ഞല്ലോ. ദൈവവചനത്തിൽ ആഴമായ പരിജ്ഞാനമില്ലാതിരുന്നതിനാൽ ബ്രൻഹാമിന്റെ വ്യാഖ്യാനങ്ങൾ പലതും ശുദ്ധ ദുരുപദേശങ്ങളുമായി.

പക്ഷേ, അന്ധമായ ബ്രൻഹാം ഭക്തി തലയ്ക്കു പിടിച്ചവർക്ക് ഇതൊന്നും ഉൾക്കൊള്ളാൻ ആവില്ല. സായിബാബയെ ദൈവമായി ആരാധിക്കുന്നവരുണ്ട്. അമൃതാനന്ദമയി ദൈവമാണെന്നു വിശ്വസിക്കുന്നവരുണ്ട്. ബ്രൻഹാം ഭക്തിയും ഈ ഇനത്തിൽ പെട്ടതാണ്. ഇത് കൾട്ടാണ്.

## എന്താണ് കൾട്ട്?

കൾട്ട് എന്ന ഇംഗ്ലീഷ് വാക്കിന് ''ഏതെങ്കിലും വ്യക്തിയോടോ പ്രസ്ഥാനത്തോടോ ആശയത്തോടോ ഉള്ള അന്ധമായ ആരാധന'' എന്നാണ് അർത്ഥം. കൾട്ടുകളെ പ്രധാനമായി ക്രൈസ്തവ കൾട്ടുകൾ, ക്രൈസ്തവേതര കൾട്ടുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. രജനീഷ്, സായിബാബ, അമൃതാനന്ദമയി തുടങ്ങിയവരുടെ കൾട്ടുകൾ ക്രൈസ്തവേതര കൾട്ടാണ്. എന്നാൽ ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന യഹോവാസാക്ഷികൾ, ശാബതുകാർ, മോർമോൺ സഭ, ക്രിസ്റ്റാഡെൽഫിയൻ സഭ തുടങ്ങിയവയൊക്കെ ക്രിസ്ത്യൻ കൾട്ടുകളാണ്. ബ്രൻഹാമിന്റെ അനുയായികളും ഒരു ക്രിസ്ത്യൻ കൾട്ട് ഗ്രൂപ്പാണ്. കൾട്ടുകളെക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്തിയിട്ടുള്ള Josh Mc Dowell, Don Stewart എന്നിവർ ചേർന്നു രചിച്ച Concise Guide to Today's Religions എന്ന പുസ്തകത്തിൽ ക്രിസ്ത്യൻ കൾട്ടുകൾക്ക് പൊതുവായി കണ്ടുവരുന്ന ചില ലക്ഷണങ്ങൾ പറഞ്ഞിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു:

1. പുതിയ വെളിപ്പാട്
2. തിരുവചനത്തിന് പുതിയ വ്യാഖ്യാനം
3. ബൈബിൾ മാത്രമായിരിക്കില്ല ആധാരം
4. മറ്റൊരു ക്രിസ്തുവിനെ അവതരിപ്പിക്കുന്നു
5. അടിസ്ഥാന വേദപ്രമാണങ്ങൾ നിരസിക്കുന്നു
6. ഇരട്ടമുഖമുള്ളവരായിരിക്കും
7. പുതിയ ദൈവത്തെ അവതരിപ്പിക്കുന്നു
8. നിരന്തരം മാറുന്ന ദൈവശാസ്ത്രം
9. ശക്തമായ നേതൃത്വം
10. പ്രവൃത്തിയാലുള്ള രക്ഷ
11. കള്ളപ്രവചനം
12. തങ്ങൾ മാത്രമാണ് ദൈവസഭ എന്ന് പഠിപ്പിക്കുന്നു

ബ്രൻഹാമിന്റെ ഉപദേശങ്ങളും ബ്രൻഹാമിന്റെ അനുയായികളുടെ നിലപാടും പരിശോധിച്ചാൽ കൾട്ടിന്റെ ലക്ഷണങ്ങളെല്ലാം അവർക്കുണ്ട് എന്ന് ബോദ്ധ്യമാകുന്നതാണ്. വിശദീകരിക്കാം.

1. പുതിയ വെളിപ്പാട്

ബ്രൻഹാമിന്റെ ശുശ്രൂഷകളെല്ലാം പുതിയ വെളിപ്പാടിൽ അധിഷ്ഠിതമായിരുന്നു എന്ന് നാം കണ്ടുകഴിഞ്ഞല്ലോ. ചെറുപ്പകാലം മുതൽ ബ്രൻഹാമിന് വെളിപ്പാടുകൾ കിട്ടിക്കൊണ്ടിരുന്നു. അവയൊക്കെ ദൈവീകമോ സാത്താന്യമോ എന്ന് ദൈവവചന വെളിച്ചത്തിൽ വിശകലനം ചെയ്യാനുള്ള അറിവ് ബ്രൻഹാമിന് ഇല്ലായിരുന്നു. അതുകൊണ്ട് തെറ്റുകളിൽ നിന്നും തെറ്റുകളിലേക്ക് ബ്രൻഹാം നീങ്ങി. ഒടുവിൽ ഗുരുതരമായ ഉപദേശപ്പിശകിൽ ചെന്നെത്തുകയും ചെയ്തു. വെളിപ്പാടുകളുടെ കാലം കഴിഞ്ഞിട്ടില്ല. പക്ഷേ, വെളിപ്പാടുകൾ ദൈവവചന വെളിച്ചത്തിൽ പരിശോധിക്കണം. തിരുവചനത്തിന് വിരുദ്ധമായ വെളിപ്പാടുകൾ തള്ളിക്കളയാനുള്ള വകതിരിവ് നമുക്കുണ്ടാകണം.

2. തിരുവചനത്തിന് പുതിയ വ്യാഖ്യാനം

ദൈവം വചനം രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം. ബൈബിൾ എന്തു പറയുന്നു എന്ന് വിശദീകരിക്കുന്നതാണ് ഒരു രീതി. നമുക്ക് ഇഷ്ടമുള്ളത് ബൈബിളിനെക്കൊണ്ട് പറയിക്കുന്നതാണ് മറ്റൊരു രീതി. ഇതിൽ ആദ്യത്തേതാണ് ശരിയായ വ്യാഖ്യാനം. പക്ഷേ, ദുരുപദേശക്കാർ സ്വീകരിക്കുന്നത് രണ്ടാമത്തെ രീതിയാണ്. ബ്രൻഹാം സ്വീകരിച്ചതും അതുതന്നെ. അദ്ദേഹം ദൈവവചനത്തെ തനിക്ക് ബോധിച്ചതു പോലെ വ്യാഖ്യാനിച്ചു. കയീനെ സാത്താന്റെ മകനാക്കിയതും ബ്രൻഹാം ഏഴാമത്തെ ദൂതനായതും മറ്റും ഈ വിധത്തിലാണ്. ത്രിത്വനിഷേധം, കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം തുടങ്ങി ബ്രൻഹാം പഠിപ്പിച്ച എല്ലാ ദുരുപദേശങ്ങളും ദൈവവചനം ദുർവ്യാഖ്യാനം ചെയ്ത് ഉണ്ടാക്കിയതാണ്.

3. ബൈബിൾ മാത്രമായിരിക്കില്ല ആധാരം

ബൈബിൾ മാത്രം ആധാരമായി സ്വീകരിച്ചാൽ ദുരുപദേശക്കുരുക്കിൽ വീഴുകയില്ല. പക്ഷേ, ബൈബിൾ മാത്രമാണ് തങ്ങളുടെ ആധാരം എന്ന് എല്ലാ കൾട്ടുകളും ആണയിട്ടു പറയുമെങ്കിലും സത്യം അതായിരിക്കില്ല. യഹോവാസാക്ഷികൾക്ക് അവരുടെ നേതാക്കന്മാർ എഴുതിവിട്ടതൊക്കെ വേദവാക്യമായി സ്വീകരിക്കാതെ പറ്റില്ല. എല്ലൻ. ജി.വൈറ്റ് എഴുതിയതൊക്കെ ശാബതുകാർക്ക് ദൈവവചനമാണ്. മോർമോൺ സഭയ്ക്ക് മോർമോൺ പുസ്തകം ഒഴിവാക്കാനാവില്ല. ബ്രൻഹാമിന്റെ അനുയായികൾക്ക് ബ്രൻഹാമിന്റെ പ്രസംഗങ്ങൾ അടങ്ങിയ കാസെറ്റുകൾ വേദവാക്യം പോലെയാണ്. അത് തർജ്ജമ ചെയ്ത് അച്ചടിച്ച് വിതരണം നടത്തുകയും, അതിലുള്ള വാചകങ്ങളൊക്കെ വേദവാക്യം പോലെ ഉരുവിടുകയും ചെയ്യുക എന്നത് ബ്രൻഹാമിന്റെ അനുയായികളുടെ പതിവാണ്. എന്നാൽ ഇതിനെയെല്ലാം കടത്തിവെട്ടുന്ന ഒരു ഉപദേശവും ബ്രൻഹാം അവതരിപ്പിച്ചിട്ടുണ്ട്. ദൈവവചനം മൂന്നു തരത്തിലാണ് നൽകപ്പെട്ടത് എന്ന് അദ്ദേഹം പറയുന്നു: 1. രാശിചക്രം. 2. ഈജിപ്റ്റിലെ പിരമിഡ് 3. ബൈബിൾ. ജ്യോതിഷവും ഈജിപ്റ്റിലെ മന്ത്രവാദവും വരെ അംഗീകരിക്കുന്ന ഈ സിദ്ധാന്തം എത്രത്തോളം ഗുരുതരമാണെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ബ്രൻഹാമിന്റെ വചനങ്ങൾ വേദപുസ്തകത്തിലെ വചനങ്ങൾക്കു തുല്യമായി പരിഗണിക്കണം എന്നു പോലും ബ്രൻഹാം പഠിപ്പിച്ചിരുന്നു.

4. മറ്റൊരു ക്രിസ്തുവിനെ അവതരിപ്പിക്കുന്നു

എല്ലാ കൾട്ടുകളും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതായി പറയുമെങ്കിലും കൾട്ടുകളുടെ യേശു ബൈബിളിലെ യേശു ആയിരിക്കയില്ല. ശാബതുകാരുടെ യേശു മിഖായേലാണ്. യഹോവാസാക്ഷികളുടെ യേശു സ്രഷ്ടാവായ ദൈവമല്ല, വെറും മനുഷ്യൻ മാത്രമാണ്. ബ്രൻഹാമിന്റെ യേശു പിതാവും പുത്രനും പരിശുദ്ധാത്മാവും ഒക്കെയാണ്. പക്ഷേ, ബൈബിളിലെ യേശു ഇതൊന്നുമല്ല എന്ന് വ്യക്തമാണല്ലോ.

5. അടിസ്ഥാന വേദപ്രമാണങ്ങൾ നിരസിക്കുന്നു

ദൈവം, ദൈവവചനം, രക്ഷ, സ്വർഗ്ഗം, നരകം, ക്രിസ്തീയ മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ സുപ്രധാന വിഷയങ്ങളെക്കുറിച്ചെല്ലാം കൾട്ടുകൾ ദുരുപദേശം പഠിപ്പിക്കും. ബ്രൻഹാമും ഇതുതന്നെ ചെയ്യുന്നു. ബ്രൻഹാമിന്റെ ദൈവം ബൈബിളിലെ ദൈവമല്ല. ബൈബിളിലെ നരകം നിത്യമാണെങ്കിലും ബ്രൻഹാമിന്റെ നരകം നിത്യമല്ല. അങ്ങനെ, പ്രധാനപ്പെട്ട എല്ലാ വിശ്വാസ പ്രമാണങ്ങളെക്കുറിച്ചും ബ്രൻഹാം ദുരുപദേശം പഠിപ്പിക്കുന്നു.

6. ഇരട്ട മുഖമുള്ളവരായിരിക്കും

കൾട്ടുകളുടെ മുഖമുദ്രയാണ് ഈ ദ്വിമുഖത്വം. ഒരിക്കലും അവർ സത്യം തുറന്നു പറയുകയില്ല. യഹോവാസാക്ഷിക്കാർ ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തകരാണെന്ന് പറഞ്ഞുകൊണ്ടായിരിക്കും ഭവന സന്ദർശനം നടത്തുക. ഏതു ബൈബിൾ സൊസൈറ്റി എന്ന് മിക്കവരും അന്വേഷിക്കാറില്ല. അഥവാ അങ്ങനെ വല്ലവരും ചോദിച്ചാൽ അവർ തങ്ങളുടെ ബൈബിൾ സൊസൈറ്റിയുടെ പേര് പറയും. തങ്ങൾ യഹോവാസാക്ഷികളാണെന്ന വസ്തുത കഴിയുന്നത്ര മറച്ചുവയ്ക്കാൻ അവർ ആവുന്നതെല്ലാം ചെയ്യും. ഇതര കൾട്ടുകളും ഇതൊക്കത്തന്നെയാണ് ചെയ്യുന്നത്. ബ്രൻഹാമിന്റെ അനുയായികളും ഇതിൽ നിന്നും വ്യത്യസ്തരല്ല. ''ബൈബിൾ വിശ്വാസികൾ'' എന്നാണ് ഈ കൾട്ടിലെ അംഗങ്ങൾ അറിയപ്പെടുന്നത്. തങ്ങൾ വില്ല്യം ബ്രൻഹാമിന്റെ അനുയായികളാണെന്ന വസ്തുത അവർ ആദ്യമൊന്നും പറയുകയേയില്ല. മാത്രമല്ല, ബ്രൻഹാം ഏഴാമത്തെ ദൂതനാണെന്നും, നിത്യനരകം ഇല്ലെന്നും മറ്റും ഇവർ സാധാരണക്കാരായ വിശ്വാസികളോട് സൂചിപ്പിക്ക പോലും ഇല്ല. ഒടുവിൽ ഇതെല്ലാം അറിയുമ്പോൾ അവർ ഈ കൾട്ടിലെ അംഗമായി കഴിഞ്ഞിരിക്കും. ഇങ്ങനെയുള്ള ഒളിച്ചുകളി കൾട്ടുകളുടെയെല്ലാം പ്രത്യേകതയാണ്.

7. പുതിയ ദൈവത്തെ അവതരിപ്പിക്കുന്നു

എല്ലാ ക്രിസ്തീയ കൾട്ടുകളും തങ്ങൾ ബൈബിളിലെ ദൈവത്തെയാണ് ആരാധിക്കുന്നത് എന്ന് അവകാശപ്പെടുമെങ്കിലും സത്യം അതായിരിക്കില്ല. മിക്ക കൾട്ടുകളുടേയും ദൈവം ബൈബിളിലെ ത്രിയേക ദൈവമല്ല. യഹോവാസാക്ഷികൾക്ക് പിതാവ് മാത്രമാണ് ദൈവം. മോർമോൺകാർക്ക് യഹോവയായ ദൈവം ആദ്യപിതാവായ ആദമാണ്. ബ്രൻഹാമിനും കൂട്ടർക്കും കർത്താവായ യേശുക്രിസ്തു മാത്രമാണ് ദൈവം. പിതാവും പരിശുദ്ധാത്മാവും ഈ ദൈവത്തിന്റെ വെളിപ്പാടുകൾ മാത്രം. ബൈബിളിലെ ദൈവം ഇതൊന്നുമല്ല എന്ന് നാം കണ്ടു കഴിഞ്ഞല്ലോ.

8. നിരന്തരം മാറുന്ന ദൈവശാസ്ത്രം

നേതാവ് പറയുന്നതെല്ലാം വേദവാക്യമായി എടുക്കാൻ തുടങ്ങുമ്പോഴാണല്ലോ കുട്ടികൾ ജനിക്കുന്നത്. അതുകൊണ്ട് കൾട്ടുകളുടെ വേദശാസ്ത്രം നേതാവിന്റെ ഹിതം പോലെ മാറിക്കൊണ്ടിരിക്കും. ബ്രൻഹാമിന്റെ കൾട്ടിന്റെ സ്ഥിതിയും ഇതുതന്നെ. ബ്രൻഹാം തന്റെ നിലപാടുകൾ പലവട്ടം മാറ്റിയിട്ടുണ്ട്. (God's Generals: page 341) എല്ലാ മനുഷ്യരും രക്ഷിക്കപ്പെടും എന്ന് പ്രസംഗിച്ചിട്ടുള്ള ബ്രൻഹാം ഇതിന് നേർവിപരീതമായ കാൽവിൻ ഉപദേശവും പഠിപ്പിച്ചിട്ടുണ്ട്. ആദ്യകാലത്ത് ബാപ്റ്റിസ്റ്റ് ഉപദേശങ്ങൾ വിശ്വസിക്കയും അത് പഠിപ്പിക്കയും ചെയ്തിരുന്ന ബ്രൻഹാം പിന്നീട് യേശുനാമക്കാരുടെ ഉപദേശം സ്വീകരിച്ചു. തന്റെ ശബ്ദം മനുഷ്യശരീരങ്ങളെ ഉത്പ്രാപണത്തിന് സഹായകമായ വിധത്തിൽ രൂപാന്തരപ്പെടുത്തും എന്നു വരെ ബ്രൻഹാം പറഞ്ഞുവച്ചു. അകാലമരണം മൂലം ബ്രൻഹാം ഈ ലോകത്തു നിന്നും മാറ്റപ്പെട്ടില്ലായിരുന്നു എങ്കിൽ കൂടുതൽ വിഡ്ഢിത്തങ്ങൾ അദ്ദേഹം പറഞ്ഞുപിടിപ്പിക്കുമായിരുന്നു.

9. ശക്തമായ നേതൃത്വം

ഏതെങ്കിലും ഒരു വ്യക്തിയെയോ ഏതാനും വ്യക്തികളെയോ ചുറ്റിപ്പറ്റിയാണ് കൾട്ടുകൾ രൂപംകൊള്ളുന്നത്. നേതാവ് പറയുന്നതെല്ലാം വേദവാക്യം പോലെ അനുയായികൾ സ്വീകരിക്കുമ്പോഴാണ് കൾട്ടുകൾ ഉത്ഭവിക്കുന്നത്. അതുകൊണ്ട് കൾട്ടിന്റെ നിലനിൽപ്പിന് ശക്തമായ നേതൃത്വം ആവശ്യമാണ്. ബ്രൻഹാമിന്റെ കൾട്ട് ഉത്ഭവിച്ചത് വില്ല്യം ബ്രൻഹാമിൽ നിന്നാണ്. അറിയപ്പെടുന്ന രോഗശാന്തി ശുശ്രൂഷകനായ ബ്രൻഹാമിന് ഒരു കൾട്ടിന്റെ നേതാവാകാൻ ആവശ്യമായ പ്രത്യേകതകളെല്ലാം ഉണ്ടായിരുന്നു. ഇദ്ദേഹം ഏഴാമത്തെ ദൂതനാണെന്നും ഏലിയാവാണെന്നും മറ്റും ബ്രൻഹാമിന്റെ അനുയായികൾ വിശ്വസിക്കുന്നതിൽ നിന്നും ഇദ്ദേഹം എത്രത്തോളം ശക്തനായ നേതാവായിരുന്നു എന്ന് വ്യക്തമാകുന്നുണ്ടല്ലോ.

10. പ്രവൃത്തിയാലുള്ള രക്ഷ

എല്ലാ കൾട്ടുകളും രക്ഷയെക്കുറിച്ച് വാതോരാതെ സംസാരിക്കും. പക്ഷേ, കൃപയാൽ വിശ്വാസം മൂലം (എഫേ. 2:8) ലഭിക്കുന്ന രക്ഷയായിരിക്കില്ല ഇവർ പ്രസംഗിക്കുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ തികച്ചും സൗജന്യമായി നീതീകരണം ലഭിക്കും എന്ന് ഒരു കൾട്ടും പഠിപ്പിക്കയില്ല. എന്തെങ്കിലും ഒക്കെ ചെയ്ത് രക്ഷ പ്രാപിക്കുക എന്ന ഉപദേശമാണ് കൾട്ടുകൾക്കുള്ളത്. ശബത് ആചരിക്കാതെ രക്ഷ പ്രാപിക്കാൻ സാധിക്കയില്ല എന്ന് ശാബതുകാർ പഠിപ്പിക്കുന്നു. സ്നാനപ്പെടാതെ പാപമോചനം ലഭിക്കയില്ല എന്ന് ക്രിസ്റ്റാഡെൽഫിയൻ സഭ വാദിക്കുന്നു. ബ്രൻഹാം ദൈവത്തിന്റെ ദൂതനാണ് എന്ന് വിശ്വസിക്കാതെ രോഗസൗഖ്യം പോലും പ്രാപിക്കാൻ പറ്റില്ല എന്ന് ബ്രൻഹാം പഠിപ്പിച്ചിരുന്നു.

(പേജ് 6.......)

**ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റ്**

ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റോ? അതെങ്ങനെ സാദ്ധ്യമാകും? സംശയം വേണ്ട. അത് തികച്ചും സാദ്ധ്യമാണ്. പെരുമ്പാവൂരിലെ ചാവിക്കടയിൽ നിർമ്മിക്കുന്ന ഡൂപ്ലിക്കേറ്റ് താക്കോലുകൾ ഒറിജിനൽ പോലെ കുറ്റമറ്റതാണ്. താക്കോൽ നഷ്ടപ്പെട്ടാലും പൂട്ടുകൾക്ക് താക്കോലുണ്ടാക്കും.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം

പെരുമ്പാവൂർ. ഫോൺ: 9447149309

സമയം: 9 AM to 9 PM. ഞായറാഴ്ചയും പ്രവർത്തിക്കും

# സാത്താന്യസേവ ............

എന്നാൽ ഈ കാലയളവിലെല്ലാം അദ്ദേഹം തന്റെ ആഭിചാര പഠനം നടത്തുകയായിരുന്നു.

Lavey-യുടെ വിശ്വാസ പ്രമാണം ശ്രദ്ധേയമാണ്. മനുഷ്യൻ ജന്മനാ തന്നെ സ്വാർത്ഥത നിറഞ്ഞവനും, അക്രമവാസന തിങ്ങിയതുമായ ഘോരജീവിയാണ്. ഡാർവിന്റെ സിദ്ധാന്തത്തിലും Struggle for survival of the fittest ഇവർ വിശ്വസിക്കയും ഒടുവിൽ ശക്തിയുള്ളവർ മാത്രം ഭൂമിയിൽ വസിക്കും എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. Lavey പലർ ചേർന്നു നടത്തുന്ന ലൈംഗിക കേളികളേയും സ്വർഗ്ഗ ലൈംഗികതയേയും, വ്യഭിചാരത്തേയും, വിശ്വസ്ത വിവാഹജീവിതത്തേയും ഒരുപോലെ അംഗീകരിക്കുന്നു. അന്തിമമായി ജഡോല്ലാസം നൽകുന്ന എന്തും ആകാം എന്നതാണ് ഇവരുടെ സിദ്ധാന്തം.

ഇന്ന് അമേരിക്കയിൽ ഇവർക്ക് 10,000-ൽ അധികം വിശ്വാസികൾ ഉണ്ട്. സഭയുടെ പ്രധാന പുരോഹിതനായ Lavey എഴുതിയ Satanic Bible 25,000 കോപ്പികൾ വിറ്റുകഴിഞ്ഞു. ഇപ്പോൾ മൂന്നാമത്തെ എഡിഷൻ അച്ചടിച്ചുകൊണ്ടിരിക്കുന്നു. Lavey ഒരു മാസികയും വർത്തമാനപത്രത്തിൽ ഒരു കോളവും നടത്തുന്നു. സാത്താന്റെ സേവകർ പൂർണ്ണമായും അംഗീകരിക്കേണ്ട ഒമ്പത് വിശ്വാസപ്രമാണങ്ങൾ താഴെപ്പറയുന്നവയാണ്.

1. സാത്താനു മാത്രമേ ജീവിതത്തിന് ഉല്ലാസമേകുന്നതെല്ലാം നൽകുവാൻ സാധിക്കുകയുള്ളൂ.
2. സാത്താൻ ഒരു യാഥാർത്ഥ്യമാണ്.
3. സാത്താൻ കളങ്കമേറ്റിട്ടില്ലാത്ത ജ്ഞാനസമ്പൂർണ്ണനാണ്.
4. അർഹിക്കുന്നവരോടു മാത്രം കരുണ കാണിക്കുക.
5. പ്രതികാരം ഏതുവിധേനയും ചെയ്യുക.
6. നമ്മോട് ഉത്തരവാദിത്വമേൽക്കുന്നവരോട് മാത്രം ഉത്തരവാദിത്വം കാണിക്കുക.
7. മനുഷ്യരിലെ മൃഗവാസനയെ അംഗീകരിക്കുക.
8. പാപം എന്നു സാമാന്യജനം വിധിക്കുന്നതെന്തും ചെയ്യുക.
9. തങ്ങളുടെ സഭയുമായി നല്ല സൗഹൃദത്തിലായിരിക്കുക.

ഭൗതികവാദികളുടെയും ജഡികോല്ലാസ വാദികളുടെയും സമൂഹമായ സഭയെ സാത്താൻ പൂർണ്ണമായി തന്റെ ഹിതത്തിനു സരണമായി ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കയാണ്. ''അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോവുക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടു വരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി, തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും. അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചുകൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനും, ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു.'' (2തെസ്സ. 2:7-10).

10. പ്രേതസേവ

ആഭിചാര വിഷയങ്ങളിൽ ഏറ്റവും പഴക്കമുള്ള ഒരു വ്യാജമതമാണ് പ്രേത സേവ മതം. ബൈബിളിലെ പുറപ്പാട് പുസ്തകത്തിൽ തന്നെ നാം ഇക്കൂട്ടരെ കാണുന്നു. ഈജിപ്തുകാരാണ് ഇത് ലോകത്തിൽ ആദ്യമായി തുടങ്ങിയത് എന്നാണ് കരുതുന്നത്. പുറപ്പാട് 6, 7 അദ്ധ്യായങ്ങളിൽ അവർ ചെയ്യുന്ന അത്ഭുതങ്ങൾ ശ്രദ്ധേയമാണ്.

എന്താണ് പ്രേതസേവ? The Dictionary of Mysticism ഇതിനു കൊടുക്കുന്ന നിർവ്വചനം പ്രേതലോകത്തിലെ ആത്മാക്കളുമായി ഒരു മാധ്യമം മുഖാന്തരം ബന്ധം സ്ഥാപിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപയോഗിക്കുന്ന ശാസ്ത്രത്തെയോ തത്വത്തെയോ അഥവാ മതത്തെയോ പ്രേതസേവ എന്ന ഗണത്തിൽ പെടുത്താം. പ്രേതസേവക്കാർ പുനർജന്മത്തെ നിഷേധിക്കുക മാത്രമല്ല, മരണാനന്തരം ആത്മാവ് പുതിയൊരു ആത്മശരീരം സ്വീകരിക്കുന്നു എന്നും, വ്യക്തിത്വത്തിലോ രൂപത്തിലോ യാതൊരു വ്യത്യാസമില്ലാതെ തുടരുന്നു എന്നും വിശ്വസിക്കുന്നു. (Frank Gayhored Dictionary of Mysticism. New York, Citadd Press.nd. page 174).

ഈ പ്രേതസേവക്കാരുടെ പ്രധാന വിശ്വാസം മരിച്ച വ്യക്തികളുടെ ആത്മാക്കളുമായി ഭൂമിയിൽ ജീവനോടിരിക്കുന്നവർക്ക് ഒരു മാധ്യമം വഴി ബന്ധം സ്ഥാപിക്കാൻ കഴിയും എന്നാണ്. ഇവിടെ നാം ആത്മീകം എന്ന പദം ഉപയോഗിക്കുന്നില്ല. കാരണം, ആത്മീകം ദൈവവചനാനുസരണം ഉള്ളതും, പ്രേതസേവ പൈശാചികവുമാണ്. മാധ്യമങ്ങൾ മരിച്ചവരുടെ ആത്മാക്കളുമായി മാത്രമാണ് ബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുക. അതുകൊണ്ടാണ് ഇവിടെ പ്രേതം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. പ്രേതസേവയെ Dennis Wheatlay വിവരിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

''ഇത് മരിച്ചവരുടെ ആത്മാക്കളുടെ സഹായത്താലുള്ള ഭാവി പ്രവചനമാണ്. ഇങ്ങനെ ഭാവി അറിയാൻ ആഗ്രഹിക്കുന്നവർ മാധ്യമത്തിന്റെ സമീപെ എത്തുന്നു. മാധ്യമം ഒരു പുരുഷനോ സ്ത്രീയോ ആയിരിക്കാം. മിക്കവാറും സ്ത്രീകളാണ് നിലവിലുള്ളത്. അതിനാൽ ഞാൻ മാധ്യമത്തെ അവൾ എന്ന് വിളിക്കുന്നു.''

വിശ്വാസികളായ ഭാവിയന്വേഷകർ എല്ലാ വന്നുകഴിഞ്ഞാൽ പിന്നെ ഒരു നേരിയ പ്രകാശം മാത്രം മുറിയിൽ അവശേഷിപ്പിച്ച് ബാക്കി എല്ലാ വെളിച്ചവും അണയ്ക്കുന്നു. തുടർന്ന് അവൾ മോഹാലസ്യയായിത്തീരുന്നു. അവളുടെ ആത്മാവ് അവളെ വിട്ടുമാറിയതിനു ശേഷം മരിച്ചയാളിന്റെ പ്രേതം അവളിൽ ബാധിക്കുന്നു. അതിനു തെളിവായി അവളുടെ വായിൽ നിന്നും ഒരു പ്രത്യേക തരത്തിലുള്ള നുരയും മറ്റും പുറപ്പെട്ടു വരുന്നു. അവളുടെ പ്രകൃതം മാറി ഒരു പുരുഷന്റെയോ മറ്റോ ശബ്ദത്തിൽ സംസാരിക്കാൻ ആരംഭിക്കുന്നു. വിദ്യാഹീനയാണ് അവൾ എങ്കിൽ വളരെ അറിവുള്ളവരെപ്പോലെയും അല്ലാ വിദ്യാസമ്പന്നയാണ് എങ്കിൽ മറിച്ച് വിദ്യാഹീനയെപ്പോലെയും മറ്റും അവളായിത്തീരുന്നു.

മിക്ക സമയങ്ങളിലും അവളെ ഒരു കസേരയോട് ചേർത്ത് ബന്ധിക്കാറുണ്ട്. അപ്പോൾ അവളുടെ തലയ്ക്കു മുകളിൽ പല ലക്ഷണങ്ങളും കണ്ടു തുടങ്ങും. ആ സമയത്ത് വന്നു കൂടിയിരിക്കുന്നവർ തങ്ങളുടെ പ്രശ്നങ്ങൾ ഓരോന്നായി അവതരിപ്പിക്കുകയും ഉത്തരം ലഭിക്കുകയും ചെയ്യുന്നു. (Dennis Wheatley, The Devil and all his works, New York, Americal Heritage Press 1971, 72).

മുമ്പ് ഒരു മാധ്യമമായി പ്രവർത്തിച്ചിരുന്നിട്ട് പിന്നീട് ക്രിസ്തുവിനെ സ്വീകരിച്ച് ദൈവ പൈതലായിത്തീർന്ന Rephel Gasson തന്റെ Challenging Counterfit എന്ന പുസ്തകത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു കാര്യം മാധ്യമങ്ങൾ മരിച്ചവരുടെ ആത്മാക്കളെ അല്ല വരുത്തുന്നത് പിന്നെയോ സാത്താനെയാണ് എന്നാണ്. ഇത് സാത്താന്റെ വഞ്ചനയാണ്. Gasson-നെ ബന്ധിച്ചിടത്തോളം ഒരു പ്രേതസേവകൻ:

1. മരിച്ചതിനു ശേഷവും ആത്മാവ് ജീവിക്കുന്നു എന്ന് വിശ്വസിക്കുന്നവനാണ്.
2. മരിച്ചവരുടെ ആത്മാക്കളുമായി ബന്ധം സ്ഥാപിക്കുവാൻ സാധിക്കും എന്നും വിശ്വസിക്കുന്നവനാണ്.
3. തനിക്കു ലഭിച്ചിരിക്കുന്ന ഈ കഴിവു കൊണ്ട് ലോകത്തിനു തന്നെ ഗുണം ചെയ്യണം എന്നു ധരിച്ചിരിക്കുന്ന ഒരുവനാണ്. ഏതു സ്ഥലത്തു വച്ചും ഏതു സമയത്തും മരിച്ചവരുടെ ആത്മാക്കളുമായി ബന്ധം സ്ഥാപിക്കുവാൻ കഴിയും എന്ന് അവകാശപ്പെടുന്ന മാധ്യമങ്ങളും ഉണ്ട്.

**മരിച്ചവരുടെ ആത്മാക്കളുമായി ജീവിച്ചിരിക്കുന്നവർക്ക് ബന്ധപ്പെടാൻ സാധിക്കുമോ?**

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കലും മരിച്ചവരുടെ ആത്മാക്കളുമായി ജീവിച്ചിരിക്കുന്നവർക്ക് ബന്ധം സ്ഥാപിക്കുവാൻ സാദ്ധ്യമല്ല. ധനവാന്റെയും ലാസറിന്റെയും സംഭവം യേശുക്രിസ്തു വിവരിക്കുമ്പോൾ ഈ കാര്യം ഉപദേശിക്കുന്നുണ്ട്. ''ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനംപ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ ധനവാന്റെ മേശയിൽ നിന്നും വീഴുന്നത് തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു. അബ്രഹാം പിതാവേ, എന്നോട് കനിവുണ്ടാകേണമേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയയ്ക്കേണമേ. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം മകനെ നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നോർക്ക. ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു, നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടായിരിക്കുന്നു. ഇവിടെനിന്ന് നിങ്ങളുടെ അടുക്കലേക്ക് കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല. അവിടെ നിന്ന് ഞങ്ങളുടെ അടുക്കൽ വരുവാനും പാടില്ല എന്നു പറഞ്ഞു. അതിന് അവൻ എന്നാൽ പിതാവേ അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ച് സഹോദരന്മാരുണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോട്, അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ, അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അവൻ അവനോട് അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നും ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു. (ലൂക്കോ. 16:19-31).

ഇവിടെ നാം ശ്രദ്ധിച്ചിരിക്കേണ്ട രണ്ടു കാര്യങ്ങൾ ഉണ്ട്.

1. നീതിമാന്മാരായി മരിച്ചവർക്കും പാപത്തിൽ മരിച്ചവർക്കുമിടയിൽ വലിയൊരു പിളർപ്പുണ്ട്. അത് കടക്കുവാൻ ഇരുകൂട്ടർക്കും കഴികയില്ല. മറ്റൊരു നിലയിൽ പറഞ്ഞാൽ, മരിച്ചവരുടെ സഞ്ചാരത്തെ നിയന്ത്രിച്ചിരിക്കുന്നു.
2. ധനവാന് ജീവിച്ചിരിക്കുന്ന തന്റെ അഞ്ച് സഹോദരന്മാരോട് സുവിശേഷം അറിയിക്കാനുള്ള അതിയായ ആഗ്രഹം പോലും നിഷേധിച്ചതായി നാം കാണുന്നു. ഇവർക്ക് രക്ഷയ്ക്കായി വേണ്ടതെല്ലാം ഭൂമിയിൽ തന്നെ ദൈവം ഒരുക്കിയിരിക്കുന്നു. മരിച്ചവർക്ക് ജീവിച്ചിരിക്കുന്നവരോട് യാതൊന്നും സംസാരിക്കുവാൻ ദൈവവചനം അനുവദിക്കുന്നില്ല. ബൈബിളിലെ മറ്റു ഭാഗങ്ങളും ഈ ആശയത്തോട് പൂർണ്ണമായും യോജിക്കുന്നു.

മോശയെയും പ്രവാചകന്മാരേയും ചെവിക്കൊള്ളാത്തവർ മരിച്ച ഒരുവൻ വന്ന് സുവിശേഷമറിയിച്ചാൽ പോലും വിശ്വസിക്കില്ല എന്ന് വ്യക്തമാക്കുകയായിരുന്നു. ഇന്ന് ഇത് പൂർണ്ണമായും ശരിയായിരിക്കുന്നു. യേശുക്രിസ്തു മരിച്ചുയർത്തെഴുന്നേറ്റു. എന്നിട്ടും മോശയേയും പ്രവാചകന്മാരേയും വിശ്വസിക്കുന്നവർക്ക് മാത്രമേ ഈ സത്യം മനസ്സിലാകുന്നുള്ളൂ. അല്ലാത്തവർ അവന്റെ വാക്കുകൾ ഇന്നും ശ്രദ്ധിക്കുന്നില്ല.

**എൻ-ദോരിലെ വെളിച്ചപ്പാടത്തി**

1 ശമുവേൽ 28-ാം അദ്ധ്യായത്തിലാണ് എൻ-ദോരിലെ വെളിച്ചപ്പാടത്തിയെക്കുറിച്ചു നാം വായിക്കുന്നത്. പ്രേതസേവയെ അനുകൂലിക്കുന്നവർ ശമുവേലിന്റെ ആത്മാവിനെയാണ് വെളിച്ചപ്പാടത്തി വരുത്തിയത് എന്ന് വാദിക്കാറുണ്ട്. എന്നാൽ വേദപണ്ഡിതന്മാരുടെ മദ്ധ്യേ ഇതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ഒരു കൂട്ടർ ശമുവേലിന്റെ വേഷത്തിൽ വന്നു എന്ന് വിശ്വസിക്കുന്നു. മറ്റൊരു കൂട്ടർ അതൊരു നാട്യം ആയിരുന്നു എന്ന് വിശ്വസിക്കുന്നു. എന്നാൽ മൂന്നാമതൊരു കൂട്ടർ അത് ശമുവേൽ തന്നെ ആയിരുന്നു എന്ന് വിശ്വസിക്കുന്നു.

നാം ഈ സന്ദർഭം അവലോകനം ചെയ്താൽ മരിച്ച മനുഷ്യരുടെ ആത്മാക്കൾ നിത്യതയിൽ വിശ്രമിക്കുന്നു. എങ്കിൽ തന്നെ ഈ പ്രത്യേക സാഹചര്യത്തിൽ ദൈവം ശൗലിനോട് ശമുവേലിനെ അയയ്ക്കാൻ കരുണ കാണിച്ചു എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. അതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

ഒന്നാമതായി നാം ഓർത്തിരിക്കേണ്ടത് ഇവൾ മുമ്പു തന്നെ ഒരു മാധ്യമമായി പ്രവർത്തിച്ച് നല്ല പരിചയം ലഭിച്ചവളായിരുന്നു. എങ്കിലും തനിക്ക് ശമുവേൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ ഉച്ചത്തിൽ നിലവിളിച്ചു. ശൗലിനോട്, നീ എന്നെ ചതിച്ചതെന്ത്? നീ ശൗൽ ആകുന്നുവല്ലോ എന്നു പറഞ്ഞു. (1ശമു. 28:12). ഇവിടെ സ്ത്രീ ഒരിക്കലും ''ഒരു ദേവനെപ്പോലെയുള്ള വൃദ്ധൻ കയറി വരും'' എന്നു വിശ്വസിച്ചിരുന്നില്ല. അവന്റെ വരവ് അവളെ ഭയപരവശയാക്കി എന്നു മനസ്സിലാക്കാം. രണ്ടാമതായി, 14-ാം വാക്യം അത് ശമുവേൽ തന്നെ ആയിരുന്നു എന്നു വ്യക്തമാക്കുന്നതും കാണാം. ''എന്നാറെ അത് ശമുവേൽ എന്നറിഞ്ഞു ശൗൽ സാഷ്ടാംഗം വീണു നമസ്കരിച്ചു.'' അവിടെ സാത്താനോ ഒരു ദുരാത്മാവോ പ്രത്യക്ഷപ്പെട്ടു എന്നു വിശ്വസിക്കത്തക്കതായി ഒന്നും ഇല്ലെന്നു മാത്രമല്ല, ആ വാക്യത്തെ അതിന്റേതായ ലാളിത്യത്തോടെ എടുക്കുകയായിരിക്കും അഭികാമ്യം.

ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നത് മനുഷ്യർക്ക് മരിച്ചവരുടെ ആത്മാക്കളെ വിളിച്ചു വരുത്തുവാൻ കഴിയുകയില്ല എന്നതാണ്. എന്നാൽ ഇത് ഒരു പ്രത്യേക സാഹചര്യം മാത്രമായി കണക്കാക്കാവുന്നതാണ്. അത് ശമുവേൽ ആയിരുന്നു എന്ന് അന്ധശക്തിയുടെ പ്രതിനിധിക്കോ (വെളിച്ചപ്പാടത്തി) മനുഷ്യശക്തിയുടെ (ശൗൽ) യാതൊരു സംശയവുമില്ലായിരുന്നു. ഇങ്ങനെ ചില അസാധാരണ സംഭവങ്ങൾ ബൈബിൾ വീണ്ടും വിവരിച്ചിരിക്കുന്നു. ഉദാ: മോശയും ഏലിയാവും യേശുക്രിസ്തുവിനോടു കൂടി മറുരൂപ മലയിൽ, ഹാനോക്കും ഏലിയാവും മരണം കൂടാതെ എടുക്കപ്പെട്ടു. അതുപോലെ ഇവിടെയും ഒരു അസാധാരണ സംഭവം എന്ന് കരുതുന്നതായിരിക്കും കൂടുതൽ ശരി.

**ബൈബിളും പ്രേതസേവയും**

ബൈബിൾ എല്ലാ രീതിയിലുമുള്ള പ്രേതസേവകളേയും ഒരുപോലെ വിലക്കിയിരിക്കുന്നു.

1. ''ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വെച്ചേക്കരുത്.'' (പുറ. 22:18).
2. ''രക്തത്തോട് കൂടിയുള്ളത് തിന്നരുത്, ആഭിചാരം ചെയ്യരുത്, നിങ്ങളുടെ തലമുടി ചുറ്റും വിളമ്പു വടിക്കരുത്, മുഹൂർത്തം നോക്കരുത്, മരിച്ചവനു വേണ്ടി ശരീരത്തിൽ മുറിവുണ്ടാക്കരുത്, മെയ്മേൽ പച്ച കുത്തരുത്, ഞാൻ യഹോവ ആകുന്നു.'' (ലേവ്യ. 19:26-28).
3. ''വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും പിന്നാലെ

(പേജ് 7 ..........)

# എത്ര യെശയ്യാവ്? ഒന്ന്... രണ്ട്.... മൂന്ന്?

യെശയ്യാ പ്രവാചകൻ എന്നത് ഒരാളോ രണ്ടാളോ അതോ മൂന്നാളോ? പലർക്കും ഈ ചോദ്യം വിചിത്രമായി തോന്നാം. പക്ഷേ, ദൈവവചനം ഉള്ള നിലയിൽ വ്യാഖ്യാനിക്കുവാൻ മനസ്സില്ലാത്തവർ ഇങ്ങനെ പലതും നിർമ്മിച്ചെടുക്കും എന്ന ആമുഖത്തോടെ ഈ വിഷയത്തിലേക്കു കടക്കാം.

യെശയ്യാ പ്രവാചകന്റെ പുസ്തകം യഥാർത്ഥത്തിൽ രണ്ടു പുസ്തകങ്ങൾ യോജിപ്പിച്ചുണ്ടാക്കിയതാണെന്നൊരു സിദ്ധാന്തം കഴിഞ്ഞ രണ്ടു നൂറ്റാണ്ട് കാലമായി പ്രചരിച്ചു വരുന്നുണ്ട്. ഒന്നു മുതൽ മുപ്പത്തിഒമ്പത് വരെയുള്ള പുസ്തകങ്ങൾ ഒന്നാം യെശയ്യാവും, നാല്പതു മുതൽ അറുപത്തിയാറ് വരെയുള്ള പുസ്തകങ്ങൾ രണ്ടാം യെശയ്യാവും എഴുതി എന്നത്രേ കണ്ടുപിടിച്ചിരിക്കുന്നത്. പക്ഷേ കുറച്ചുകാലം കൂടി കഴിഞ്ഞപ്പോൾ ഇത് അല്പം കൂടി പരിഷ്കരിച്ചു. നാല്പതു മുതൽ അൻപത്തഞ്ചു വരെയുള്ള ഭാഗങ്ങൾ രണ്ടാം യെശയ്യാവും, അൻപത്താറു മുതൽ അറുപത്താറു വരെയുള്ള ഭാഗങ്ങൾ മൂന്നാം യെശയ്യാവും എഴുതി എന്നത്രേ പുതിയ കണ്ടുപിടുത്തം. ചിലർ ഇതുകൊണ്ടൊന്നും നിർത്തുന്ന മട്ടില്ല. യെശയ്യാ പ്രവചനത്തിലെ ചില ഭാഗങ്ങൾ മറ്റാരൊക്കെയോ എഴുതിയതാണെന്നും, അവയും ഈ പുസ്തകത്തിൽ എങ്ങനെയോ ചേർന്നുവന്നു എന്നേ ഉള്ളെന്നുമാണ് പറ ഞ്ഞുവച്ചിരിക്കുന്നത്. യെശയ്യാ പ്രവചനം എന്നൊരു പുസ്തകമേ ഇല്ല എന്ന് ഏതെങ്കിലും പണ്ഡിതൻ നാളെ കണ്ടുപിടിച്ചാലും അത്ഭുതപ്പെടേണ്ടതില്ല. കാരണം, ഇത് അന്ത്യകാലമാണ്.

യെശയ്യാ 1-39 ഒന്നാം യെശയ്യാ എഴുതിയത്രേ. ഇത് നമ്മുടെ യെശയ്യാവു തന്നെ. പ്രവാചകന്മാർ തങ്ങളുടെ കാലത്തുള്ള ആൾക്കാരോടാണ് പ്രവചിക്കുക എന്നും കോരേശിനെയും മറ്റും പേരെടുത്തു പറഞ്ഞ് പ്രവചിച്ചിരിക്കുന്ന ഭാഗങ്ങൾ പ്രവാസത്തിനു മുമ്പ് ജീവിച്ചിരുന്ന യെശയ്യാവ് പറയാൻ ഇടയില്ല എന്നുമത്രേ വാദം. ഭാവിയിൽ നടക്കുവാൻ പോകുന്നത് കാണാൻ കഴിവില്ലാത്ത ദൈവത്തെയാണ് ഇത്തരക്കാർ അവതരിപ്പിക്കുന്നത് എന്നു പറയാതെ തരമില്ല. കോരേശ് ജനിക്കുന്നതിനു മുമ്പ് അവനെ പേർ ചൊല്ലി വിളിക്കാൻ ദൈവത്തിനു കഴിവില്ലെങ്കിൽ ആ ദൈവം ദൈവമല്ല. ബാബിലോൺ ഒരു ലോകശക്തി അല്ലാതിരുന്ന കാലത്താണ് യെശയ്യാ 14-ാം അദ്ധ്യായം എഴുതിയതെന്ന വസ്തുത ഈ പണ്ഡിതന്മാർ പലരും നിഷേധിക്കുന്നുമില്ല. എന്നാൽ ഈ വിഷയത്തിലും ചിലർ സംശയാലുക്കളാണ് യെശ. 13, 14 എന്നീ അദ്ധ്യായങ്ങൾ പ്രവാസത്തിനു ശേഷം ആരോ കൂട്ടിച്ചേർത്തതാണെന്നും, 24 മുതൽ 27 വരെയുള്ള അദ്ധ്യായങ്ങൾ ബി.സി. 4-ാം നൂറ്റാണ്ടിൽ ആരോ എഴുതിച്ചേർത്തതാണെന്നും പറയാൻ ചിലർക്കു മടിയില്ല. ഇവരുടെ നോട്ടത്തിൽ, ബൈബിളിലെ പുസ്തകങ്ങൾ ഓരോ വ്യക്തികൾ സ്വന്ത ഇഷ്ടപ്രകാരം എഴുതിയതും, മറ്റു പലരും തങ്ങൾക്കു ബോധിച്ചതൊക്കെ കൂട്ടിച്ചേർത്ത് ഉണ്ടാക്കിയതുമാണ്. ഇത്തരത്തിലുള്ള ഒരു പുസ്തകം നിസ്തുലമാണെന്നും ദൈവവചനമാണെന്നും മറ്റും പറയുന്നതെങ്ങനെ?

പക്ഷേ, യെശയ്യാ പ്രവചനം ഒറ്റ പുസ്തകമായി കണക്കാക്കി പഠിക്കുകയാണ് ഉചിതം. കാരണങ്ങൾ:

1. യെശയ്യാ പ്രവചനം രണ്ടോ മൂന്നോ ആയിരുന്നെങ്കിൽ പുതിയനിയമ കാലത്ത് രണ്ടോ മൂന്നോ ചുരുളുകളിലായി ഇവ എഴുതുമായിരുന്നു. എന്നാൽ ചാവുകടൽ ചുരുളുകളിൽ പോലും യെശയ്യാ പ്രവചനം ഒറ്റ പുസ്തകമായിട്ടാണ് കൊടുത്തിരിക്കുന്നത്.
2. കർത്താവ് യെശയ്യാ പ്രവാചകന്റെ പുസ്തകം എടുത്തു. യെശ. 61:1 വായിച്ചു എന്ന് എഴുതിയിരിക്കുന്നു. (ലൂക്കോ. 4:17). രണ്ടാം പുസ്തകമോ മൂന്നാം പുസ്തകമോ ഒന്നും എടുത്തില്ല.
3. അപ്പൊക്രിഫാ പുസ്തകമായ പ്രഭാഷകൻ എഴുതിയ കാലത്ത് പോലും ഒന്നിലധികം യെശയ്യാവിനെക്കുറിച്ച് സൂചനയില്ല. അപ്പൊക്രിഫാ ദൈവവചനമല്ലെങ്കിലും അവയുടെ ചരിത്രമൂല്യം തള്ളിക്കളയാനാവില്ലല്ലോ. (പ്രഭാ. 48:22-25).
4. പുതിയനിയമത്തിൽ ഒരിടത്തു പോലും ഒന്നിലധികം യെശയ്യാവിനെപ്പറ്റി സൂചന പോലുമില്ല. യോഹ. 12:37-41, റോമ. 9:27-29.
5. യെശ. 13:1 എഴുതിയത് ആമോസിന്റെ മകനായ യെശയ്യാവാണെന്ന് എഴുതിയിരിക്കെ അതു സംശയിക്കേണ്ട ആവശ്യമില്ല.
6. യെശ. 40-48 അദ്ധ്യായങ്ങളുടെ ഒരു രത്നച്ചുരുക്കമാണ് യെശ. 14:1-4-ൽ കാണുന്നത്.
7. യഹൂദ ചരിത്രകാരനായ ജോസിഫസ് യെശയ്യാ പ്രവചനത്തെ ഒരു പ്രവാചകന്റെ രചനയായി കാണുന്നു.
8. സഭാപിതാക്കന്മാർ ആരും ഒന്നിലധികം യെശയ്യാവിനെക്കുറിച്ച് പറഞ്ഞിട്ടില്ല.
9. കർത്താവിനും അപ്പൊസ്തലന്മാർക്കും ഒരു യെശയ്യാവിനെ മതിയാകുമായിരുന്നെങ്കിൽ നമുക്കും ഒരു യെശയ്യാവിനെ മതി.

റോമാ ലേഖനം, കൊരിന്ത്യർക്കുള്ള രണ്ടാം ലേഖനം തുടങ്ങി ബൈബിളിലെ മിക്ക പുസ്തകങ്ങളും ഒന്നിലധികം എഴുത്തുകാരുടെ മേൽ കെട്ടിവയ്ക്കാൻ ''വചന പണ്ഡിതന്മാർ'' ശ്രമിക്കുന്ന ഈ കാലത്ത് യെശയ്യാവിനെ പലതായി കാണുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

# ബ്രൻഹാമിൻെറ ദുരുപദേശങ്ങൾ ................

11. കള്ളപ്രവചനം

ദൈവീകമല്ലാത്ത എല്ലാ പ്രവചനങ്ങളും കള്ളപ്രവചനങ്ങളാണ്. ശാബതുകാരുടെ അംഗീകൃത പ്രവാചകിയായ എല്ലൻ ജി. വെറ്റ് ഒരു കള്ളപ്രവാചകി ആയിരുന്നു. മിക്ക കൾട്ടുകളിലും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കള്ള പ്രവചനത്തിന്റെ സ്വാധീനം ഉണ്ടായിരിക്കും. വില്ല്യം ബ്രൻഹാം ഒരു കള്ളപ്രവാചകനായിരുന്നു എന്നത് ഒരു വസ്തുതയാണ്.

താൻ ഏലിയാവും ലവോദിക്യാ സഭയുടെ ദൂതനും ഒക്കെയാണ് എന്ന് ധരിച്ചിരുന്ന ബ്രൻഹാം സ്വന്തം ഹൃദയത്തിൽ തോന്നിയതെല്ലാം പ്രവചനമായി വിളിച്ചുപറഞ്ഞു. ഉദാഹരണമായി, ഏലിയാവായ തന്റെ പ്രവചന ശുശ്രൂഷ പൂർത്തിയാകുമ്പോൾ ഈ ലോകത്തു നിന്നും ദുഷ്ടത പൂർണ്ണമായി നീക്കപ്പെടും എന്ന് ബ്രൻഹാം പ്രവചിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: "See, immediately after the coming of This Elijah, the earth will be cleansed by hate and the wicked burned to ashes. Of course, this did not happe at the time of John (the Elijah for his day.)...." (The Message To The Laodicean Age, p. 13). പക്ഷേ, ഈ പ്രവചനം നിവർത്തിയായില്ല. ബ്രൻഹാം 1965-ൽ മരിച്ചു. പക്ഷേ, ഇന്നുവരെ ഈ ഭൂമിയിൽ നിന്നും ദുഷ്ടത നീങ്ങിപ്പോയിട്ടില്ല.

ഈ ലോകം 1977-ൽ അവസാനിക്കുമെന്നും, പുതിയ സഹസ്രാബ്ദം ആരംഭിക്കുമെന്നും ബ്രൻഹാം പ്രവചിച്ചിരുന്നു. 1933-ൽ കർത്താവായ യേശുക്രിസ്തു ബ്രൻഹാമിനെ നേരിട്ട് അറിയിച്ചതാണത്രേ ഈ കാര്യം. ബ്രൻഹാം പറഞ്ഞത് ഇതാണ്:

"This age will, ed around 1977. I base this prediction on seven major continuous visions that came to me one Sunday morning in June, 1933. The Lord Jesus spoke to me and said that the coming of the Lord was drawing nigh, but that before He came, seven major events would transpire. (W. Branham, The Message To The Laodicean Age, p. 29)". അദ്ദേഹം തുടരുന്നു: "I still maintain this prediction after thirty years because, Jesus Did Not say no man could know the year, month, week or day in which His coming was to be completed. So I repeat, I sincerely believe and maintain as a private student of the Word, along with divine inspiration that 1977 ought to terminate the World systems and usher in the millenium." (Seven Church Ages Page 322)". പക്ഷേ, നാളിതുവരെ ഈ ലോകത്തിന് നാശം സംഭവിച്ചിട്ടില്ല. ബ്രൻഹാമിന്റെ പ്രവചനം വീണ്ടും തെറ്റി.

അമേരിക്കയെ ദൈവം കൈവിട്ടെന്നും, ഏറെ താമസിയാതെ അമേരിക്ക നശിക്കുമെന്നും ബ്രൻഹാം 1957-ൽ പ്രവചിച്ചു. "The revival is over. America had her last chance in 1957. Now the tongues, are God's sign of impending disaster, even as they were when they appeared upon the wall at Belshazzar's feast.... (W. Branham, The Message To The Laodicean Age, p. 29)." പക്ഷേ, ഇതുവരെ അമേരിക്ക നശിച്ചിട്ടില്ലെന്നു മാത്രമല്ല, കൂടുതൽ ശക്തി പ്രാപിച്ചിട്ടേയുള്ളൂ. ബ്രൻഹാം ദൈവത്തിന്റെ പ്രവാചകനായിരുന്നില്ല എന്ന് വ്യക്തമല്ലേ.

12. തങ്ങൾ മാത്രമാണ് ദൈവസഭ എന്ന് അവകാശപ്പെടുന്നു

കൃപായൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ട എല്ലാവരും ദൈവസഭയിലെ അംഗങ്ങളാണ്. പക്ഷേ, കൾട്ടുകൾ ഇത് അംഗീകരിക്കയില്ല. തങ്ങളുടെ കൾട്ടിൽ അംഗമായാൽ മാത്രമേ രക്ഷിക്കപ്പെടൂ എന്ന് അവർ പഠിപ്പിക്കും. സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ മാത്രമാണ് ദൈവസഭ എന്ന് ശാബതുകാർ പഠിപ്പിക്കുന്നു. തങ്ങളുടെ സംഘടനയാണ് സാക്ഷാൽ ദൈവസഭ എന്ന് യഹോവാസാക്ഷികളും പ്രചരിപ്പിക്കുന്നു. എല്ലാ സഭകളും സാത്താന്യമാണ് എന്ന് ബ്രൻഹാം പഠിപ്പിക്കുന്നുണ്ടെങ്കിലും ബ്രൻഹാമിന്റെ ഉപദേശങ്ങളിൽ വിശ്വസിക്കുന്നവർ മാത്രമാണ് ദൈവമക്കൾ എന്ന് ബ്രൻഹാമിന്റെ അനുയായികളും വിശ്വസിക്കുന്നു.

കൾട്ടിന്റെ ലക്ഷണങ്ങളിൽ പ്രധാനപ്പെട്ടവയെല്ലാം ബ്രൻഹാമിന്റെ അനുയായികൾക്ക് യോജിക്കുന്നു എന്നത് ഒരു വസ്തുതയാണ്. അങ്ങനെയെങ്കിൽ ഇത് ഒരു കൾട്ടാണ്. ഇവർ കടുത്ത ദുരുപദേശം പഠിപ്പിക്കുന്നവരാണ്. ഇവർക്ക് ബൈബിളിലെ ദൈവവുമായി ഒരു ബന്ധവുമില്ല.


**ഗരുഡ എക്സർവ്വീസ്മെൻ സെക്യൂരിറ്റി ഫോഴ്സ്**

**അനുയോജ്യമായ സ്ഥിരം ജോലിക്ക്**

**കമ്പനി നിയമനം:**

**ശമ്പളം Rs.2000-3500 +**

**കമ്പനി ആനുകൂല്യങ്ങൾ**

**ഒഴിവുകൾ: കേരളം, തമിഴ്നാട്, കർണ്ണാടക**

**ബന്ധപ്പെടുക - Ph: 0484-3944816, 3581616**



**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3094032, 9447414608

# ആദിമുതലുള്ളതും ഞാൻ കണ്ടതും

## റ്റി.എസ്.ബാലൻ

അശുദ്ധാത്മാക്കളേക്കുറിച്ചും അനുബന്ധ വിഷയങ്ങളേക്കുറിച്ചും കഴിഞ്ഞ ലക്കങ്ങളിൽ ചിലതെല്ലാം എഴുതിയിരുന്നല്ലോ. അതോടുളള ബന്ധത്തിൽ ചില കാര്യങ്ങൾ കൂടി പറയട്ടെ.

ഏതാനും വർഷം മുൻപ് ഒരു ദൈവദാസനുമായി ഞാൻ ഈ വിഷയത്തേക്കുറിച്ച് സംസാരിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം തന്റെ ഒരു അനുഭവം എന്നോടു പറഞ്ഞു.

ഈ ദൈവ ദാസൻ ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്ത് പെൻഷനായ ആളാണ്. ഇടുക്കി ഡാം പണിയുന്ന കാലത്ത് അദ്ദേഹം ഇടുക്കിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പാമ്പാടിയിൽ താമസിക്കുന്ന ഒരു സുഹൃത്തിന്റെ മകൾക്ക് ഭൂതബാധ ഉണ്ടായതായി വിവരം കിട്ടി. ആ കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുവാനായി അദ്ദേഹവും വിശ്വാസിയായ ഒരു സുഹൃത്തും കൂടി ഉച്ചക്ക് 12 മണിക്ക് ഇടുക്കിയിൽ നിന്നും പുറപ്പെടുന്ന കെ.എസ്.ആർ.റ്റി.സി. ബസ്സിൽ പുറപ്പെടാനായി ഇറങ്ങി. ബസ് പുറപ്പെടാൻ അഞ്ചു മിനിട്ട് കൂടി ബാക്കിയുളളപ്പോൾ അവർ സ്റ്റാന്റിൽ എത്തി. പക്ഷേ, അവർ കയറുന്നതിനു മുൻപ് ബസ് വിട്ടു. ഡ്രൈവറും കണ്ടക്ടറും ഈ യാത്രക്കാരെ കണ്ടെങ്കിലും മനഃപൂർവ്വം ബസ് വിട്ടു പോകുകയായിരുന്നു. വളരെ സമയം കാത്തു നിന്നശേഷമാണ് അവർക്ക് അടുത്ത ബസ് കിട്ടിയത്.

ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് അവർ പാമ്പാടിയിൽ എത്തി. അവരെ കണ്ടയുടൻ പ്രാർത്ഥനാസ്ഥലത്തുണ്ടായിരുന്ന പാസ്റ്റർ എഴുന്നേറ്റുവന്ന് സ്വീകരിച്ചു. എന്നിട്ട് ചോദിച്ചു:

"നിങ്ങളെ കയറ്റാതെ ബസ് വിട്ടുപോയി, അല്ലേ?"

"ശരിയാണ്. പക്ഷേ, അത് നിങ്ങൾ എങ്ങനെ അറിഞ്ഞു?"

അദ്ദേഹം കാര്യം പറഞ്ഞു: ഉച്ചയ്ക്ക് ഏകദേശം 12 മണി ആയപ്പോൾ ഭൂതബാധിതയായ പെൺകുട്ടി ഉച്ചത്തിൽ ചിരിക്കാൻ തുടങ്ങി. അല്പം കഴിഞ്ഞ് അവൾ കാരണവും പറഞ്ഞു:

"പ്രാർത്ഥിക്കാനായി രണ്ടു പേർ ഇങ്ങോട്ടു വരുന്നുണ്ട്. പക്ഷേ, അവർ കയറുന്നതിനു മുൻപ് വണ്ടി വിട്ടു. അവർ ഇപ്പോൾ ഇടുക്കിയിലെ ബസ് സ്റ്റോപ്പിൽ നിൽപ്പുണ്ട്."

ഇടുക്കിയിൽ നടന്ന സംഭവം പാമ്പാടിയിൽ ഇരുന്ന പെൺകുട്ടി എങ്ങനെ അറിഞ്ഞു? ഇത്തരം ഒരു സംഭവം നടന്നു എന്നത് സത്യമാണെങ്കിൽ ഇതിന് ശാസ്ത്രീയമായ വിശദീകരണമൊന്നും പറയാൻ കഴിയുമെന്ന് തോന്നുന്നില്ല.

ഇരട്ട വ്യക്തിത്വം എന്ന പേരിൽ അറിയപ്പെടുന്ന ഒരു മാനസികരോഗം ഭൂതബാധയായി തെറ്റിദ്ധരിക്കപ്പെടാറുണ്ട് എന്നത് സത്യമാണ്. പക്ഷേ, ഭൂതബാധ എന്നൊന്നില്ല എന്ന് തീർത്തു പറയാൻ എനിക്ക് കഴിയുന്നില്ല. എനിക്കറിയാവുന്ന ശാസ്ത്രം ഉപയോഗിച്ച് വിശദീകരിക്കാനാവാത്ത നിരവധി സംഭവങ്ങൾ ഞാൻ കണ്ടിട്ടുണ്ട് എന്നതുതന്നെ കാരണം. മേല്പറഞ്ഞ സംഭവം തന്നെ നല്ല ഉദാഹരണം.

ഇരട്ട വ്യക്തിത്വം ഉണ്ടായാൽ ഒരു വ്യക്തിക്ക് അവൻ പഠിച്ചിട്ടില്ലാത്ത ഭാഷ പറയുവാൻ കഴിയുന്നതെങ്ങനെ? ഇരട്ട വ്യക്തിത്വം എന്നത് ഒരു മനുഷ്യന്റെ മനസ്സ് സ്വയം സൃഷ്ടിക്കുന്നതായിരിക്കെ അവന്റെ മനസ്സിൽ ഇല്ലാത്ത ഭാഷ തെറ്റു കൂടാതെ പറയാൻ കഴിയുന്നതല്ല. ഹിന്ദി പഠിച്ചിട്ടില്ലാത്ത ആൾക്ക് ഭൂതബാധ ഉണ്ടായശേഷം തെറ്റുകൂടാതെ ഹിന്ദി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതിന് എന്തെങ്കിലും ശാസ്ത്രീയ വിശദീകരണമുണ്ടോ?

## കാസറ്റ് പരിചയം




# ദർശനവും പ്രവചനവും

പ്രവാചകന്മാർക്ക് ദർശനവും പ്രവചനവും മറ്റും കിട്ടുന്നത് ഏതുവിധത്തിലാണ്? ഇതേപ്പറ്റി വിശദമായി ദൈവവചനത്തിൽ കൊടുത്തിട്ടില്ല. എങ്കിലും നമുക്ക് ഇതേപ്പറ്റി കുറച്ചൊക്കെ മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ടില്ല.

പ്രവാചകന്മാർ ഒരുവക മോഹനിദ്രയിൽ – വിവശതയിൽ – ആകുകയും, ദർശനങ്ങൾ കാണുകയും ചെയ്യുകയാണെന്ന് ഒരു പഠിപ്പിക്കലുണ്ട്. ദാനിയേലും യോഹന്നാനും മറ്റും വിവശതയിലായി ദർശനം കണ്ടിട്ടുമുണ്ട്. എന്നാൽ എല്ലാ പ്രവാചകന്മാരും ദർശനങ്ങൾ കാണുന്നത് വിവശതയിലായിട്ടാണ് എന്നു പറയാനാവില്ല. തികഞ്ഞ ബോധത്തോടെ ഇരിക്കുമ്പോൾ തന്നെ ദർശനങ്ങൾ കണ്ട നിരവധി സംഭവങ്ങൾ ബൈബിളിലുണ്ട്. അതുകൊണ്ട് വിവശത ഒഴിച്ചുകൂടാനാവാത്ത അനുഭവമല്ല.

സ്വപ്നം പോലെ ദർശനങ്ങൾ കണ്ട സംഭവങ്ങളും നിരവധിയാണ്. യോസെഫിനുണ്ടായ സ്വപ്നം തന്നെ നല്ല ഉദാഹരണം. ദർശനമായാലും സ്വപ്നമായാലും വ്യാഖ്യാനിക്കേണ്ടത് ആവശ്യമാണ്. സ്വപ്ന വ്യാഖ്യാനം എന്നത് അത്ര എളുപ്പമല്ല താനും. അതിന് പലപ്പോഴും മറ്റൊരു ദർശനം ആവശ്യമായി വരുന്നു.

ഇതു കൂടാതെ ദൈവ ശബ്ദം നേരിൽ കേൾക്കുന്ന അനുഭവവും ഉണ്ടാകാം. മോശെയോട് ദൈവം അഭിമുഖമായി സംസാരിച്ചിരുന്നു.

ദൈവം പ്രവാചകന്മാരിലൂടെ ഏതൊക്കെ വിധത്തിൽ സംസാരിച്ചിട്ടുണ്ട് എന്നു പരിശോധിക്കുന്നത് സഹായകമാകും.

1. സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും. ദാനി. 7:1, ഉല്പ. 37:1-15
2. യഹോവയുടെ കരം പ്രവാചകന്റെ മേൽ വരുന്നു. യെഹെ. 1:3, 37:1
3. ദർശനത്തിലൂടെ. ദാനി. 2:19, പ്രവൃ. 26:19, യെശ. 1:1.
4. അഭിമുഖമായി സംസാരിക്കുന്നു. സംഖ്യ. 12:7,8.
5. ഊറീമും തുമ്മീമും മുഖാന്തരം. പുറ. 28:30, എസ്രാ. 2:63, നെഹ. 7:65.
6. സംഗീതത്തിലൂടെ. 1ശമു. 10:11-12.

ദൈവത്തിന് വിവിധ രീതിയിൽ മനുഷ്യനോട് സംസാരിക്കുവാൻ കഴിയും. ഏതു രീതിയിൽ സംസാരിച്ചു എന്നതല്ല, സംസാരിച്ചത് ദൈവം തന്നെ ആണോ എന്നതാണ് നാം പരിശോധിക്കേണ്ടത്.

# സാത്താന്യസേവ ............

പരസംഗം ചെയ്യാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽ നിന്നും ഛേദിച്ച് കളയും.'' (ലേവ്യ 20:6).

4. ''നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടുത്തെ ജാതികളുടെ മ്ലേച്ഛതകൾ പഠിക്കരുത്, തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്ക് വെറുപ്പാകുന്നു. ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നിഷ്കളങ്കനായിരിക്കണം. നീ നീക്കിക്കളയുവാനിരിക്കുന്ന ജാതികൾ മുഹൂർത്തക്കാരുടെയും പ്രശ്നക്കാരുടെയും വാക്കു കേട്ടു നടന്നു. നീയോ അങ്ങനെ ചെയ്‌വാൻ നിന്റെ ദൈവമായ യഹോവ അനുവദിച്ചില്ല.'' (ആവ. 18:9-14).

5. ''വെളിച്ചപ്പാടന്മാരോടും, ചിലയ്ക്കുകയും ജപിക്കുകയും ചെയ്യുന്നവരായ ലക്ഷണവാദികളോടും അരുളപ്പാട് ചോദിപ്പിൻ എന്നു അവർ നിങ്ങളോട് പറയുന്നുവെങ്കിൽ ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്? ജീവനുള്ളവർക്ക് വേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടത്? (യെശ. 8:19).''

മരിച്ചവരോടും മാധ്യമങ്ങളോടും (ആത്മാക്കളോടും) ഒരിക്കലും ഒരു വിശ്വാസി ബന്ധപ്പെട്ടു കൂടാ. കാരണം, യേശുക്രിസ്തു അരുളിച്ചെയ്യുന്നത് അവർക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത് എന്നത്രേ. (യോഹ. 10:10). അവൻ നമുക്ക് സമൃദ്ധമായി ജീവൻ നൽകിയിരിക്കുന്നതുകൊണ്ട് ഇനി മരിച്ചവരോട് ചോദിക്കുകയോ, അവരുമായി ബന്ധപ്പെടുകയോ ചെയ്യേണ്ട ആവശ്യമില്ല.

ആഭിചാരത്തിന്റെ കേന്ദ്രബിന്ദു സാത്താനാണ് എന്നു നാം കണ്ടു. അതു നാം ഓർത്തിരിക്കുന്നത് നല്ലതാണ്. ''ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞ് ചുറ്റിനടക്കുന്നു.'' (1പത്രോ. 5:8).

വിശ്വാസികൾ ഇതെല്ലാം സാത്താന്റെ പണിയാണ് എന്നു പറഞ്ഞ് തങ്ങളുടെ ജഡികാഗ്രഹങ്ങളുടെയും പാപങ്ങളുടെയും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കാറുണ്ട്. സാത്താനും അവന്റെ സൈന്യവും വിശ്വാസികളെ വീഴിക്കുവാൻ ശ്രമിക്കാറുണ്ട്. എങ്കിലും മിക്കപ്പോഴും വിശ്വാസികൾ ദൈവത്തിൽ നിന്നും അകന്ന് ജഡത്തിൽ ആശ വയ്ക്കുന്നതാണ് അതിനു കാരണമായിത്തീരാറുള്ളത്.

<u>വിശ്വാസിക്ക് എങ്ങനെ ആഭിചാരത്തിൽ നിന്നും രക്ഷനേടാം?</u>

യേശുക്രിസ്തു ക്രൂശിൽ സാത്താന്റെ തലയെ തകർത്തവനാണ്. ''തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അതു മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന് ഒത്തവണ്ണമുള്ളതല്ല. അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നെ കൈക്കൊണ്ടല്ലാതെ പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിനു നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു.

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടു കൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലമായിരുന്ന കയ്യെഴുത്തു മായിച്ചു. ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു. വാഴ്ചകളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.'' (കൊലോ. 2:8-15).

ഒന്നാമതായി, ക്രിസ്തുവിൽ നമുക്കുള്ള സ്ഥാനം എന്താണ് എന്ന് നാം അറിഞ്ഞിരിക്കണം. നാം അവനോടുകൂടെ ജീവിപ്പിക്കപ്പെട്ടവരാണ്. നാം അവനോടുകൂടെ ഉയർത്തപ്പെട്ടവരാണ്. നാം അവനോടുകൂടെ സ്വർഗ്ഗത്തിൽ ഇരിക്കുന്നവരാണ്. (എഫെ. 2:1-7).

രണ്ടാമത്, വിശ്വാസി വിശ്വസിക്കുന്നതിനെ വിശ്വസിക്കുന്നവനായിരിക്കണം. നമ്മുടെ പ്രവർത്തിയെ നിയന്ത്രിക്കുന്നത് വിശ്വാസമാണ്. നാം ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കപ്പെട്ടു. ഉയർത്തപ്പെട്ടു, സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടു എന്ന് പൂർണ്ണമായി വിശ്വസിക്കുമ്പോൾ നമ്മുടെ പ്രവർത്തിയിലും അതിന്റെ വ്യത്യാസം സംഭവിക്കും.

മൂന്നാമത്, വിശ്വാസി താഴ്മ ധരിക്കണം. അതിന്റെ അർത്ഥം ഞാൻ ഒന്നുമല്ല, ഞാൻ ആരുമല്ല എന്നു പറഞ്ഞുകൊണ്ട് നടക്കുക എന്നല്ല. പിന്നെയോ, സ്വയത്തെ ഉപേക്ഷിച്ച് പൂർണ്ണമായിട്ടും ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. ദൈവത്തിലുള്ള പൂർണ്ണ ആശ്രയമാണ് യഥാർത്ഥ താഴ്മ.

നാലാമതായി, വിശ്വാസിക്കുണ്ടായിരിക്കേണ്ട ഗുണം ധൈര്യം. ധൈര്യത്തോടെ ഏതു സമയത്തും കൃപാസനത്തോട് അടുത്തുചെല്ലുവാൻ കഴിയും എന്ന വിശ്വാസം.

അഞ്ചാമതായി, വിശ്വാസി യേശുക്രിസ്തുവിലും ക്രിസ്തു പിതാവിലും ആണ് എന്ന് മനസ്സിലാക്കി, ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ച്, ഉയർപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുകയാണ് എന്ന വിശ്വാസം. അത് ഉണ്ടായിക്കഴിയുമ്പോൾ സകല ഭയവും അവനെ വിട്ടൊഴിയുന്നു.

ആറാമതായി, ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന വിശ്വാസം. (റോമ. 8:28).

RNI No. 68089 / 97
2004 October 16

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# കൾട്ടുകളെ സൂക്ഷിക്കുക

__കൾട്ടുകൾ എന്തുകൊണ്ട് വിജയി ക്കുന്നു?__

സത്യോപദേശം എന്ന വ്യാജേന വിപരീതോപദേശം പഠിപ്പിക്കയാണ് എല്ലാ കൾട്ടുകളും ചെയ്യുന്നത്. പക്ഷേ, എന്തുകൊണ്ടാണ് കൾട്ടുകൾക്ക് ഇപ്രകാരം ചെയ്യാൻ കഴിയുന്നത്? അതിന് പല കാരണങ്ങളുണ്ടാകാം. എങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചിലത് താഴെ കൊടുക്കുന്നു:

1. അജ്ഞത

ഭൂരിപക്ഷം വിശ്വാസികൾക്കും ദൈവവചന പരിജ്ഞാനം നന്നേ കുറവായിരിക്കും. അതുകൊണ്ട് ദുരുപദേശങ്ങൾ കേട്ടാൽ അത് ദുരുപദേശമാണ് എന്ന് തിരിച്ചറിയാനുള്ള കഴിവ് ഉണ്ടായിരിക്കയില്ല. വിശ്വാസികളുടെ ഈ ദൗർബല്യം കൾട്ടുകൾ മുതലാക്കുന്നു. ഉദാഹരണമായി, പത്തു കല്പനകൾ ഉൾപ്പെടെയുള്ള എല്ലാ ന്യായപ്രമാണ കല്പനകളും നീക്കപ്പെട്ടു എന്ന സത്യം ഭൂരിപക്ഷം വിശ്വാസികൾക്കും അറിഞ്ഞുകൂടാ. ഈ അജ്ഞത മുതലെടുത്താണ് ശാബതുകാർ അവരുടെ പ്രസ്ഥാനം വളർത്തുന്നത്. ത്രിത്വം, സ്വർഗ്ഗം, നരകം തുടങ്ങിയവയെക്കുറിച്ച് വിശ്വാസികൾക്കുള്ള അറിവില്ലായ്മ മുതലെടുത്താണ് എല്ലാ കൾട്ടുകളും ജനവഞ്ചന നടത്തുന്നത്.

2. സാത്താന്യബന്ധം

എല്ലാ കൾട്ടുകൾക്കും പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണ്. അതുകൊണ്ട് സാത്താന്യ ശക്തി കൾട്ടുകളുടെ സഹായത്തിന് ഉണ്ടാകും. കൾട്ടുകളുടെ പ്രചാരകർ ദുരുപദേശം പഠിപ്പിക്കുമ്പോൾ മറുപടി പറയാൻ ആവാതെ ശ്രോതാക്കൾ സ്തംഭിച്ച് ഇരുന്നുപോകുന്നത് ഇതുകൊണ്ടാണ്.

3. പുതുമയ്ക്കായുള്ള ദാഹം

ഭൂരിപക്ഷം മനുഷ്യരും പുതുമകൾ ഇഷ്ടപ്പെടുന്നവരാണ്. കൾട്ടുകൾ ഈ ആഗ്രഹം സഫലീകരിക്കുന്നു. മറ്റുള്ളവരേക്കാൾ വ്യത്യസ്തരാണ് തങ്ങൾ എന്ന് വരുത്തിത്തീർക്കുന്നതിൽ അവർ ആനന്ദം കണ്ടെത്തുന്നു.

4. പാപബോധം

നിത്യനരകം എന്നൊന്നില്ല എന്ന് മിക്ക കൾട്ടുകളും പഠിപ്പിക്കുന്നു. തങ്ങൾ ചെയ്തുകൂട്ടിയ പാപങ്ങൾക്ക് ഒരിക്കലും ശിക്ഷ ഉണ്ടാകയില്ല എന്ന് അറിയുന്നത് ഏതു പാപിക്കും ആശ്വാസകരമാണ് എന്നതിന് സംശയമില്ല. ഈ ആശ്വാസം പ്രദാനം ചെയ്യുന്ന കൾട്ടുകളിലേക്ക് സ്വാഭാവികമായും അവർ ആകർഷിക്കപ്പെടുന്നു.

__കൾട്ടുകളെ എങ്ങനെ നേരിടാം?__

കൾട്ടുകളെ നേരിടാൻ ഒറ്റമൂലി നിലവിലില്ല എന്ന് ആദ്യമേ അറിയുക. എങ്കിലും ചില മുൻകരുതലുകൾ എടുത്താൽ കൾട്ടുകളെ ഫലപ്രദമായി നേരിടാം. ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. വചനം പഠിക്കുക

വിശ്വാസികളുടെ അജ്ഞതയെ ചൂഷണം ചെയ്താണ് കൾട്ടുകൾ വളരുന്നത് എന്ന് പറഞ്ഞുകഴിഞ്ഞല്ലോ. ദൈവവചനത്തിലുള്ള അജ്ഞത അകറ്റിയാൽ കൾട്ടുകളെ വലിയൊരളവ് പ്രതിരോധിക്കാൻ കഴിയും. അടിസ്ഥാന വേദോപദേശങ്ങൾ തീർച്ചയായും പഠിച്ചിരിക്കണം. രക്ഷ, സ്നാനം, പരിശുദ്ധാത്മാഭിഷേകം, ത്രിത്വം, നരകം, മനുഷ്യാത്മാവ്, ഭാവികാല ശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് ഭൂരിപക്ഷം ദുരുപദേശങ്ങളും ഉണ്ടാകുന്നത്. അതുകൊണ്ട് ഈ വിഷയങ്ങൾ നന്നായി പഠിക്കുക. വേദപുസ്തകത്തെക്കുറിച്ച് ഒരു ഏകദേശ ധാരണയും ഉണ്ടായിരിക്കണം.

2. ദുരുപദേശങ്ങൾ പഠിക്കുക

അടിസ്ഥാന വേദോപദേശങ്ങളോടൊപ്പം പ്രധാന ദുരുപദേശങ്ങളും പഠിക്കുക. കൾട്ടുകൾ ദൈവവചനം ദുർവ്യാഖ്യാനം ചെയ്യുന്നത് എങ്ങനെയാണ് എന്ന് മനസ്സിലാക്കുക. ശത്രുവിന്റെ ബലവും ബലഹീനതയും അറിഞ്ഞു വേണം യുദ്ധം ചെയ്യുവാൻ.

3.പ്രധാന കൾട്ടുകളെക്കുറിച്ച് പഠിക്കുക

പ്രധാനപ്പെട്ട കൾട്ടുകളെക്കുറിച്ചെല്ലാം സാമാന്യജ്ഞാനം നേടിയിരിക്കണം. യഹോവാ സാക്ഷികളും ശാബതുകാരും ആണ് കേരളത്തിൽ ഏറ്റവും അധികം കണ്ടുവരുന്ന കൾട്ടുകൾ. ഇവരെ കൂടാതെ ക്രിസ്റ്റാഡെൽഫിയൻ, ചിൽഡ്രൻ ഓഫ് ഗോഡ്, മൊർമോൺ, ക്രിസ്ത്യൻ സയൻസ്, സൈന്റോളജി, യൂണിറ്റി തുടങ്ങിയവയും ഉണ്ട്. ഇവയുടെ ഉത്ഭവം, വളർച്ച, പ്രധാന ദുരുപദേശങ്ങൾ തുടങ്ങിയവ പഠിക്കുക.

__ശ്രദ്ധിക്കേണ്ട കാര്യങ്ങൾ__

വേണ്ടത്ര ശ്രദ്ധയില്ലാതെ കൾട്ടുകളുമായി ഏറ്റുമുട്ടുന്നത് അപകടകരമാണ്. സാമാന്യം ദൈവവചന പരിജ്ഞാനമുള്ളവർ പോലും കൾട്ടുകളുടെ മുമ്പിൽ പരാജയപ്പെട്ടിട്ടുണ്ട്. ആവശ്യമായ തയ്യാറെടുപ്പുകൾ കൂടാതെ കൾട്ടുകളുമായി ഏറ്റുമുട്ടിയതാണ് തോൽവിക്ക് കാരണം. നമുക്ക് സത്യോപദേശം അറിയാവുന്നതിനേക്കാൾ നന്നായി കൾട്ടിലെ അംഗങ്ങൾക്ക് അവരുടെ ദുരുപദേശം അറിയാമായിരിക്കും എന്ന വസ്തുത മറക്കരുത്. അതുകൊണ്ട് ചില മുൻകരുതലുകൾ എടുത്തുകൊണ്ടു വേണം കൾട്ടുകളുമായി ഏറ്റുമുട്ടുവാൻ.

__സൂക്ഷിക്കേണ്ട കാര്യങ്ങൾ__

1. വചന പരിജ്ഞാനം ഇല്ലാത്തവർ കൾട്ടുകളുമായി ഏറ്റുമുട്ടരുത്.
2. നാം എതിരിടുന്ന കൾട്ടിന്റെ ദുരുപദേശങ്ങൾ ഏതൊക്കെ എന്ന് വ്യക്തമായി പഠിക്കാതെ ഇറങ്ങിത്തിരിക്കരുത്.
3. അനാവശ്യമായ തർക്കങ്ങളും വാദകോലാഹലങ്ങളും ഒഴിവാക്കാൻ ശ്രമിക്കുക.
4. ഉപദേശങ്ങൾ തെളിയിക്കാൻ വേദപുസ്തകം മാത്രം ഉപയോഗിക്കുക.
5. ഇത് ആത്മീയ യുദ്ധമാണ്. അതുകൊണ്ട് നന്നായി പ്രാർത്ഥിച്ചു കൊണ്ടു മാത്രമേ പോരിന് ഇറങ്ങാവൂ.
6. എതിരാളിയുടെ ശക്തി അവഗണിക്കരുത്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ് സൈറ്റ് ഉണ്ടാക്കുന്നു.
www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ

കൂടുതൽ വിവരങ്ങൾക്ക്:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
മൊബൈൽ: 9447414608

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ
13 മണിക്കൂർ ദൈർഘ്യം
MP 3 ഫോർമാറ്റ്
വില 100 രൂപ മാത്രം. (പോസ്റ്റേജ് സൗജന്യം). വില എം.ഒ. അയക്കുക.

സി.ഡി. കൊറിയർ സർവ്വീസിലൂടെ യാണ് അയക്കുന്നത്. അതുകൊണ്ട് നിങ്ങ ളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യ പ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതാൻ മറക്കരുത്.

വിലാസം:
The Defender, Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Kerala - Pin. 683542
Phone: 0484-2592249, 94474-14608

NAVAJEEVODAYAM BIBLE COLLEGE

## നവജീവോദയം ബൈബിൾ കോളജ്

**നവജീവോദയം സെന്റർ തിരുവല്ല.**

**ഫോൺ: 0469–2700672, 2636041**

**2005 ജനുവരിയിൽ ആരംഭിക്കുന്ന C.Th., Dip.Th., B.Th. കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. S.S.L.C/ P.D.C./ Plus Two/ Degree പാസ്സായ ക്രിസ്തീയ യുവതീയുവാക്കൾക്ക് സഭാവ്യത്യാസമെന്യേ അപേക്ഷിക്കാവുന്നതാണ്.**

- ★ **പഠനശേഷം ഇൻഡ്യയിലെ വിവിധ ക്രിസ്തീയ സംഘടനകളിൽ പ്രവർത്തിക്കാനുള്ള അവസരം.**
- ★ **ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള വിദഗ്ദമായ കംപ്യൂട്ടർ പരിശീലനം.**
- ★ **ദമ്പതികൾക്ക് ദൈവവചനം പഠിക്കുവാനുള്ള ക്രമീകരണം.**
- ★ **വിവിധരംഗങ്ങളിൽ പ്രവർത്തിച്ച ശേഷം ക്രിസ്തീയ പ്രവർത്തനത്തിന് തീരുമാനമെടുത്ത് കടന്നു വരുന്ന വ്യക്തികൾക്ക് പ്രായപരിധിയിൽ ഇളവുകൾ.**

**അപേക്ഷാ ഫോമിനും സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്കും താഴെ കാണുന്ന വിലാസത്തിൽ എഴുതുക.**

**Dean of Admissions**
**Bible College, Navajeevodayam Centre**
**P.O.Box No.16, Thiruvalla-689 101**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan